# ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ആഗസ്റ്റ് 2025




- സ്വാതന്ത്ര്യത്തിന്റെ ആത്മീയത
- പരിശുദ്ധ മഞ്ഞുമാതാവ്
- സൈനിക സേവനവും ദൈവിക ശുശ്രൂഷയും : ഫാ. ടെജി താണിപ്പിള്ളിയുടെ ദൗത്യജീവിതം

# കാര മൗണ്ട് കാർമ്മൽ ദൈവാലയത്തിൽ

## പരിശുദ്ധ കർമ്മല മാതാവിന്റെ

# മദ്ധ്യസ്ഥ തിരുനാൾ



**2025 ആഗസ്റ്റ് 13 മുതൽ 17 വരെ**

**2025 ആഗസ്റ്റ് 6, 7, 8, 9**

## ഏൽ റൂഹാ ധ്യാനം



(വൈകീട്ട് 4.30 മുതൽ 9 വരെ)

നയിക്കുന്നത്:

**റവ. ഫാ. റാഫേൽ കോക്കാടൻ**

**31.7.2025 – 12.8.2025**
നവനാൾ ദിനങ്ങൾ

**2025 ആഗസ്റ്റ് 13 ബുധൻ**
കൊടികയറ്റം

**2025 ആഗസ്റ്റ് 14 വ്യാഴം**
മതബോധനവാർഷികം

**2025 ആഗസ്റ്റ് 15 വെള്ളി**
ഇടവകദിനം

**2025 ആഗസ്റ്റ് 17 ഞായർ**
തിരുനാൾ ദിനം



## മുഖമൊഴി

# സ്വാതന്ത്ര്യത്തിന്റെ അർത്ഥതലങ്ങൾ...



**ഫാ. ജോജോ പയ്യപ്പിള്ളി**
ചീഫ് എഡിറ്റർ

**"You have to keep breaking your heart untill it opens."**

**'നിങ്ങളുടെ ഹൃദയം തുറക്കുന്നിടം വരെ നിങ്ങൾ അതിനെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കണം'**

*-ജലാലുദ്ദീൻ റൂമി*

**ലോ**കത്തിലെ ഏറ്റവും മികച്ച സിനിമയ്ക്കുള്ള അവാർഡ് ഓസ്കാർ അവാർഡ് ആണെന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ ലോകത്തിലെ ഏറ്റവും മോശം സിനിമയ്ക്കുള്ള അവാർഡ് ഏതാണെന്ന് ചോദിച്ചാൽ അത് ഗോൾഡൻ റാസ്ബറി അവാർഡ് ആണ്. സാധാരണ ഓസ്കാർ അവാർഡ് പ്രഖ്യാപിക്കുന്നതിന്റെ തലേ ദിവസമാണ് ഗോൾഡൻ റാസ്ബെറി അവാർഡ് പ്രഖ്യാപിക്കുന്നത്. ഈ അവാർഡ് പ്രഖ്യാപിക്കാറുണ്ടെങ്കിലും ആരും തന്നെ ഈ അവാർഡ് വാങ്ങാൻ നാണക്കേട് കാരണം പോകാറില്ല. 2010 ൽ ഏറ്റവും മികച്ച നടിക്കുള്ള അവാർഡും ഏറ്റവും മോശം നടിക്കുള്ള അവാർഡും ലഭിച്ചത് ഒരാൾക്ക് തന്നെയായിരുന്നു. ആ നടിയുടെ പേര് സാന്ദ്ര ബുള്ളോക്ക്.

**2010-ൽ, സാന്ദ്ര ബുള്ളോക്ക് 'The Blind Side' എന്ന സിനിമയിലൂടെ ഓസ്കാർ നേടിയതുപോലെതന്നെ, 'All About Steve' എന്ന സിനിമയിലൂടെ റാസ്ബെറി അവാർഡും നേടി. ലോകത്തിലെ ഏറ്റവും ഉയർന്ന ചലച്ചിത്ര പുരസ്കാരമായ ഓസ്കാറിനെയും ഏറ്റവും മോശം സിനിമയ്ക്കുള്ള ഗോൾഡൻ റാസ്ബെറി അവാർഡിനെയും ഒരേ വർഷം, ഒരേ വ്യക്തി സ്വന്തമാക്കുക എന്നത് അതിശയിപ്പിക്കുന്നതായിരുന്നു.**

ഗോൾഡൻ റാസ്ബറി അവാർഡ് സ്വീകരിച്ചതിനുശേഷം ഓസ്കാർ അവാർഡും സാന്ദ്ര സന്തോഷത്തോടു കൂടെയാണ് സ്വീകരിച്ചത്. മറ്റുള്ളവരായിരുന്നെങ്കിൽ റാസ്ബെറി അവാർഡിന്റെ നാണക്കേടിൽ നിന്ന് രക്ഷപ്പെടാൻ അതിനെ അവഗണിച്ചേനേ. എന്നാൽ സാന്ദ്ര അതിനെ ആത്മവിശ്വാസത്തോടെ നേരിട്ടു. ആ അവാർഡ് സ്വീകരിക്കാൻ സഹിഷ്ണുതയും ധൈര്യവും കാണിച്ചു. അത് വെറും തമാശയായിരുന്നില്ല, മറിച്ച് അത് അവളുടെ വ്യക്തി

സ്വാതന്ത്ര്യത്തിന്റെയും ആത്മവിശ്വാസത്തിന്റെയും പ്രഖ്യാപനമായിരുന്നു-'ഞാൻ വിജയം സ്വീകരിക്കുന്നതുപോലെ തന്നെ പരാജയങ്ങളും മനസ്സിലാക്കി സ്വീകരിക്കും'

സ്വാതന്ത്ര്യം ഒരു അവസ്ഥ മാത്രമല്ല, അതൊരു കഠിനമായ മാനസികയാത്രയും ആന്തരിക പോരാട്ടവുമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരം-മഹാത്മാ ഗാന്ധിയുടെയും ഭഗത് സിംഗിന്റെയും സുഭാഷ് ചന്ദ്ര ബോസിന്റെയും ശബ്ദങ്ങൾകൊണ്ട് നിറഞ്ഞ അതിശയകരമായ ചരിത്രം. അത് ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നുള്ള മോചനത്തിന്റെ ചരിത്രം മാത്രമല്ല ഒറ്റപ്പെടലുകളും വെറുപ്പുകളും സഹിച്ച പോരാളികളുടെ ജീവിതയാത്രയും കൂടിയാണ്.

സ്വാതന്ത്ര്യം എന്നാൽ കേവലം ഒരു ദിനാചരണമല്ല, മറിച്ച് അതൊരു നിലപാടാണ്. സമൂഹത്തെ പുനർനിർമ്മിക്കാനും, അനീതിക്കെതിരെ ശബ്ദം ഉയർത്താനും, സ്വാതന്ത്ര്യത്തിന് മതിലുകൾ പണിയുന്ന ഫാസിസത്തിന്റെ കൈകൾക്കെതിരെ ചോദ്യങ്ങൾ ചോദിക്കുവാനും നമ്മൾ തയ്യാറാവണം. അതാണ് സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥമായ അടിസ്ഥാനം.

ഇന്ന് ഇന്ത്യ സ്വതന്ത്ര രാജ്യമായി നിലകൊള്ളുമ്പോഴും, സാധാരണ ജനങ്ങളുടെ ജീവിതത്തിൽ പകുതിയിലേറെ സ്വാതന്ത്ര്യങ്ങൾ എവിടെയോ നഷ്ടപ്പെട്ടിരിക്കുന്നു. പ്രതികരിക്കാൻ ഭയം, പ്രതിഷേധിക്കാൻ വിലക്കുകൾ, ഭരണകൂടത്തെ ചോദ്യം ചെയ്താൽ രാജ്യദ്രോഹത്തിന്റെ ചാപ്പ കുത്തൽ തുടങ്ങിയവയാണ് സമ്മാനം. അത്തരം സാഹചര്യങ്ങൾ നിറഞ്ഞ ഒരു 'സാധാരണ ഇന്ത്യ' ആണ് ഇന്ന് നമ്മളെ ചുറ്റിനില്ക്കുന്നത്.

ഭൗതിക പരിമിതികൾ ഇല്ലാതായേക്കാം, പക്ഷേ മനസ്സിന്റെ അകത്തളങ്ങളിൽ ഇന്നും അടിമത്തം തുടരുന്നു. ഒരു വിദ്യാർത്ഥിക്ക് തന്റെ ആശങ്ക തുറന്നു പറയാൻ കഴിയുന്നില്ലെങ്കിൽ, ഒരു സ്ത്രീക്ക് പൊതുവേദിയിൽ സുരക്ഷിതമായി നിലകൊള്ളാൻ കഴിയുന്നില്ലെങ്കിൽ, പിറന്നുവീണ, ജീവിച്ചുവളർന്ന മണ്ണിൽ നിലനിൽക്കുന്നതിനുള്ള ജീവിത അവകാശങ്ങൾക്കായി മുനമ്പവും കണ്ണമാലിയും പോലുള്ള ഇടങ്ങളിൽ ജനങ്ങൾ പട്ടിണി കിടന്ന് സമരം ചെയ്യേണ്ടിവരുന്നുണ്ടെങ്കിൽ, ഒരു എഴുത്തുകാരന് സത്യം എഴുതാൻ ഭയമുണ്ടെങ്കിൽ - അങ്ങനെയെങ്കിൽ, നാം നേടിയ സ്വാതന്ത്ര്യം പൂർണ്ണമല്ല.

**ഇന്നും കർഷക സമരങ്ങൾ, തൊഴിലാളി പ്രക്ഷോഭങ്ങൾ, ആശാവർക്കർമാരുടെ ജീവിത സാഹചര്യത്തിന് വേണ്ടിയുള്ള സമരങ്ങൾ, അദ്ധ്യാപക ശബ്ദങ്ങൾ, വിദ്യാർത്ഥി പ്രതിഷേധങ്ങൾ ഇവയെല്ലാം 'അശാന്തം', 'രാജ്യദ്രോഹം', 'വഞ്ചന'എന്നതുപോലെ ബദലായ വ്യാഖ്യാനങ്ങൾക്കൊപ്പം അടിച്ചമർത്തപ്പെടുന്നു. 1947-ൽ ലഭിച്ച സ്വാതന്ത്ര്യം രാഷ്ട്രീയപരമായിരുന്നത് കൊണ്ട് മാത്രം മതിയല്ല; അതിന് സാമൂഹികതലത്തിലും മനഃശാസ്ത്രപരമായും നിലനിൽപ്പുണ്ടാകണം. അതാണ് നമ്മുടെ യഥാർത്ഥ ഉത്തരവാദിത്തം.**

സത്യമായ സ്വാതന്ത്ര്യം ദേശീയ പതാക ഉയർത്തൽ മാത്രമല്ല, മറിച്ച് ഭയങ്ങളില്ലാതെ ജീവിക്കാൻ കഴിയുന്ന ഒരു സമൂഹത്തെ നിർമ്മിക്കുന്നതാണ്. സ്വാതന്ത്ര്യസമര സേനാനികൾ ജീവൻ ബലിദാനം ചെയ്തത് നാം ഇപ്പോൾ ജീവിക്കുന്നതിനേക്കാൾ മികച്ച ഒരു ഭാരതത്തിനായാണ്. ആ സ്വപ്നം ഇന്നും പൂർത്തിയാകേണ്ടതിനാൽ, ഓരോ പൗരനും ഇപ്പോഴും അതിന്റെ ഭാഗമാകേണ്ടതുണ്ട്. സാന്ദ്രയുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു: **തളരാതെ മുന്നോട്ട് പോകുമ്പോഴാണ് നമ്മൾ യഥാർത്ഥത്തിൽ വളരുന്നത് അതാണ് സ്വാതന്ത്ര്യത്തിന്റെ ഉള്ളടക്കം.**

എല്ലാവർക്കും
സ്വാതന്ത്ര്യദിനാശംസകൾ...





മറിയമാകട്ടെ ഇവയെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ച് ഗാഢമായി ചിന്തിച്ചുകൊണ്ടിരുന്നു.
ലൂക്കാ 2:19

ദിദിമോസ്

കോട്ടപ്പുറം രൂപത ബുള്ളറ്റിൻ ആഗസ്റ്റ് 2025

**രക്ഷാധികാരി**
റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ

**ചീഫ് എഡിറ്റർ**
ഫാ. ജോജോ പയ്യപ്പിള്ളി

**സബ് എഡിറ്റേഴ്സ്**
ഫാ. നിഖിൽ ജോർജ്ജ് മുട്ടിക്കൽ
ഫാ. സിന്റോ കുരിയപറമ്പിൽ

**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ
ശ്രീ. ടൈറ്റസ് ഗോതുരുത്ത്

**മാനേജിംഗ് എഡിറ്റർ**
ഫാ. സിജോ വേലിക്കകത്തോട്ട്

**സർക്കുലേഷൻ മാനേജർ**
ഫാ. നിമേഷ് കാട്ടാശ്ശേരി

**പത്രാധിപ സമിതി**
ഫാ. ലിജോ മാത്യു താണിപ്പിള്ളി
ശ്രീ. സിപ്പി പള്ളിപ്പുറം
ശ്രീ. ജോയ് ഗോതുരുത്ത്
ശ്രീ. ജോസഫ് പനക്കൽ

**ഡി.ടി.പി.**
ശ്രീമതി നിഷ സോജൻ

എഡിറ്റർ, ദിദിമോസ്, വികാസ്,
കോട്ടപ്പുറം – 680 667
ഫോൺ : 8281420078
didimoskottapuram@gmail.com

# താളുകളിൽ

*പൈതൃകാമുഖം*
**സ്വാതന്ത്ര്യത്തിന്റെ ആത്മീയത** ........ 4

**പരിശുദ്ധ മഞ്ഞുമാതാവ്** ........ 6

**സൈനിക സേവനവും ദൈവിക ശുശ്രൂഷയും : ഫാ. ടെജി താണിപ്പിള്ളിയുടെ ദൗത്യജീവിതം** ........ 9

**കാലത്തിന്റെ അടയാളങ്ങൾ** ........ 11

*വിശ്വാസത്തിന്റെ വഴിത്താര*
**പത്തുകല്പനകൾ** ........ 14

*കറുപ്പ്*
**ബൈബിൾ പശ്ചാത്തലപഠനം** ........ 16

*കത്തോലിക്കസഭയെ അറിയാം, പഠിക്കാം*
**പേപ്പൽ റ്റിയാറയും, പാലിയവും** ........ 18

**നിലാവഞ്ചി തുഴഞ്ഞുനീങ്ങുംപോൽ** ........ 19

*അയൽക്കൂട്ടം*
**തിരുസഭ : കുടുംബങ്ങളുടെ കുടുംബം** ........ 21

**രൂപത വാർത്തകൾ** ........ 23

**ലോഗോസ് ക്വിസ് ഉത്തരം** ........ 27

*വചനധ്യാനം*
**2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം** ........ 28



# സ്വാതന്ത്ര്യത്തിന്റെ ആത്മീയത



**ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ**
കോട്ടപ്പുറം രൂപതാമെത്രാൻ

**ആ**ഗസ്റ്റ് 15-ാം തീയതി ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും സംയുക്തമായി ആഘോഷിക്കുന്ന ദിനമാണ്. സ്വാതന്ത്ര്യദിനത്തിൽ ഭാരതത്തിലെ എല്ലാ മക്കളുടെയും മഹത്വവും മൂല്യവും തിരിച്ചറിയുന്ന ഒരു ദിനമായും ക്രൈസ്തവരെ സംബന്ധിച്ച് സ്വർഗ്ഗത്തിലേക്കുള്ള പ്രത്യാശയുടെ പൊൻകിരണവും സമ്മാനിക്കുന്ന സുന്ദര ദിനമായും നമുക്ക് കാണാം. 1947 ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനമായി മാറുന്നതിന് നിരവധി മഹാത്മാക്കളുടെ ശക്തമായ ഇടപെടലും ധീരമായ പ്രവർത്തനങ്ങളും ഉണ്ടായിരുന്നു. മഹാത്മാ ഗാന്ധി, ജവഹർലാൽ നെഹ്റു, സുഭാഷ് ചന്ദ്രബോസ് തുടങ്ങിയവരെ നമുക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. ഇവർ നേതൃത്വം കൊടുത്ത മൂല്യങ്ങൾ അഹിംസയുടെയും, ഐക്യത്തിന്റെയും, നീതിയുടെയും വലിയ കാഹളധ്വനിയാണ്.

രാജ്യം അന്ന് നേടിയെടുത്ത സ്വാതന്ത്ര്യം വെറുമൊരു രാഷ്ട്രീയ സ്വാതന്ത്ര്യം മാത്രമായിരുന്നില്ല. ഭാരതത്തിലെ പൗരന്മാർക്ക് മഹത്വം നൽകിക്കൊണ്ട് സ്വാതന്ത്ര്യത്തോടും, താൻ വിശ്വസിക്കുന്ന ഓരോ വിശ്വാസ സംഹിതയോടും ആദരവ് നൽകിക്കൊണ്ടും പൊതുനന്മയ്ക്കു വേണ്ടി പ്രവർത്തിക്കുവാനുള്ള വലിയ ഒരു ആഹ്വാനമായിരുന്നു. ഇന്നത്തെ ദിവസം ഭാരത മക്കൾ എന്ന നിലയിൽ നാം ചോദിക്കേണ്ട ഒരു വലിയ ചോദ്യമാണ്, സാമ്പത്തിക സ്വാതന്ത്ര്യവും, സാമൂഹിക സ്വാതന്ത്ര്യവും നമുക്ക് നേടിയെടുക്കുവാൻ ഇക്കാലയളവിൽ സാധിച്ചുവോ എന്ന്.

ക്രൈസ്തവരായ നാമോരോരുത്തരും ഈ ദിനത്തിൽ നമ്മുടെ രാജ്യത്തിനുവേണ്ടി പ്രാർത്ഥിക്കുവാൻ കടപ്പാടുണ്ട്. രാജ്യത്തിലെ നേതാക്കൾക്ക് വേണ്ടിയും, രാജ്യത്തിലെ എല്ലാ മക്കൾക്കുവേണ്ടിയും സമാധാനത്തിനും, ഐക്യത്തിനും, സാമൂഹ്യനീതിക്കും വേണ്ടി പ്രാർത്ഥിക്കുക എന്നത് കത്തോലിക്കർ എന്ന നിലയിൽ നമ്മുടെ കടമയാണ്. ഭാരതത്തിലെ ഒരു പൗരൻ എന്ന നിലയിൽ രാജ്യത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുവാനും, ഭരണഘടന അനുശാസിക്കുന്ന രീതിയിൽ പ്രവർത്തിച്ചുകൊണ്ട് പാവപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും അതിനേക്കാൾ ഉപരിയായി പാർശ്വവൽക്കരിക്കപ്പെട്ടവരോടും പക്ഷം ചേർന്നു നിൽക്കുവാൻ നമുക്ക് ഓരോരുത്തർക്കും കടപ്പാടുണ്ട്.

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണം ഒരു ആത്മീയ സ്വാതന്ത്ര്യമാണ്. 1950 ആഗസ്റ്റ് 15-ാം തീയതി, പന്ത്രണ്ടാം പീയൂസ് പാപ്പാ ഈ വിശ്വാസസത്യം പ്രഖ്യാപിച്ചപ്പോൾ, പരിശുദ്ധ അമ്മ ഈലോകജീവിത ദൗത്യങ്ങൾ



ഇവർ ഏകമനസ്സോടെ യേശുവിന്റെ അമ്മയായ മറിയത്തോടും മറ്റു സ്ത്രീകളോടും അവന്റെ സഹോദരരോടുമൊപ്പം പ്രാർഥനയിൽ മുഴുകിയിരുന്നു.
അപ്പ.പ്രവ 1:14



വിജയകരമായി നിർവഹിച്ചുകൊണ്ട് ശരീരത്തോടും ആത്മാവോടും കൂടി സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്ന് ഏറ്റുപറയുമ്പോൾ, വിശ്വാസികളായ നാം ഓരോരുത്തരും നമ്മുടെ ജീവിതം മരണത്തോടെ ഇവിടെ അവസാനിക്കുന്നില്ല എന്നും, ദൈവവുമായി നമ്മുടെ ശരീരത്തോടും ആത്മാവോടുകൂടി ഐക്യപ്പെട്ടിരിക്കുവാൻ വിളിക്കപ്പെട്ടവരാണ് എന്നും ഓർമ്മപ്പെടുത്തുകയാണ് ഈ ദിനം.

പരിശുദ്ധ കന്യാമറിയത്തിന്റെ ജീവിതം വിശ്വാസവും, എളിമയും, ദൈവഹിതത്തോടുള്ള പൂർണമായ വിധേയത്വവും നിറഞ്ഞതായിരുന്നു. പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണം വഴി നാം ഏറ്റുപറയുന്നത് പാപത്തിനും മരണത്തിനും മുകളിലുള്ള ഈശോയുടെ തന്നെ വിജയമാണ്. നിരവധി വെല്ലുവിളികളിലൂടെ ഇന്ത്യ കടന്നുപോയെങ്കിലും അന്തിമവിജയം രക്തരഹിതമായ സ്വാതന്ത്ര്യമായിരുന്നതുപോലെ, ക്രൈസ്തവരായ നമോരോരുത്തരും പലവിധ വെല്ലുവിളികളിലൂടെയും, പ്രതിസന്ധികളിലൂടെയും കടന്നുപോകുമെങ്കിലും ഈശോ നമുക്കായി വിഭാവനം ചെയ്യുന്ന സ്വർഗീയമായ സ്വാതന്ത്ര്യത്തിലേക്ക് എത്തിച്ചേരുവാൻ നമുക്ക് സാധിക്കുമെന്ന പ്രതീക്ഷയിൽ ഈ ദിനത്തിൽ നമുക്കെല്ലാവർക്കും വീണ്ടും ഒരു ചുവടുകൂടി മുന്നോട്ടു വയ്ക്കാം.

ഇന്ത്യയുടെ സ്വാതന്ത്ര്യവും, പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണവും വിമോചനത്തിന്റെ ശംഖൊലി ഉയർത്തുകയാണ്. ഇവിടെ വിമോചനം എന്നു പറയുന്നത് ഒരു ദേശീയമായ അവബോധത്തിൽ നിന്നും ഉയരുന്ന വിമോചനമാണ്; വ്യക്തിപരമായ വിമോചനമാണ്, ആത്മീയമായ ഒരു വിമോചനമാണ്. എല്ലാവരെയും ഉൾക്കൊള്ളുവാനുള്ള വലിയൊരു തുറവിയാണത്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരം സമത്വത്തിനും, നീതിക്കുവേണ്ടിയുള്ളതായിരുന്നു. മാതാവിന്റെ സ്വർഗ്ഗാരോപണം നമ്മെ ഓരോരുത്തരെയും ഓർമ്മപ്പെടുത്തുന്നത് ദൈവത്തിൽ പൂർണമായി ആശ്രയിച്ചുകൊണ്ട് വരുവാനിരിക്കുന്ന മഹത്വത്തിനായി കാത്തിരിക്കുവാനായി വിളിക്കപ്പെട്ടവരാണ് നമ്മൾ എന്നുള്ള ഒരു പ്രത്യാശയുടെ അവബോധമാണ്. സ്വാതന്ത്ര്യം ഭാരതത്തിന്റെ എല്ലാ മക്കളുടെയും വ്യക്തിത്വത്തെയും മഹത്വത്തെയും ആദരിച്ചുകൊണ്ടുള്ളതാണെങ്കിൽ, പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗ്ഗാരോപണം വഴി, സ്വർഗ്ഗത്തിൽ എത്തിച്ചേരുവാൻ സാധ്യതയുള്ള നമ്മുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മഹത്വീകരണമാണ്.

നാം ഭാരതത്തിന്റെ ത്രിവർണപതാക ഉയർത്തുമ്പോൾ, ദേശീയഗാനം ആലപിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങൾ നമുക്ക് നന്ദിയോടെ ദൈവത്തിങ്കലേക്ക് ഉയർത്താം. പരിശുദ്ധ മറിയത്തെ നമുക്ക് അമ്മയായി, മാതൃകയായി നൽകിയതിന് ദൈവത്തിനു നന്ദി പറയാം. ഭാരതത്തിന്റെ വിശ്വസ്തപൗരരും ദൈവരാജ്യത്തിലെ ശുശ്രൂഷകരുമാകുവാൻ ഇന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം. സ്വാതന്ത്ര്യസമര സേനാനികളുടെ നിസ്വാർത്ഥ ജീവിതമാതൃകയും, പരിശുദ്ധ അമ്മയുടെ ദൈവത്തിൽ ആശ്രയിച്ചുകൊണ്ടുള്ള എളിമനിറഞ്ഞ ജീവിതവും, നമ്മുടെ ജീവിതത്തിൽ പ്രചോദനമാവണം. ഇന്ത്യ നീതിയിലും, സമാധാനത്തിലും, സമത്വത്തിലും വളരുവാൻ നമുക്ക് പ്രതീക്ഷയോടെ കാത്തിരിക്കാം. പരിശുദ്ധ അമ്മയെപ്പോലെ നമുക്കും ഏറ്റുപറയാം, "ദൈവഹിതം ഞങ്ങളിൽ നിറവേറട്ടെ" എന്ന്. എല്ലാവർക്കും സ്വാതന്ത്ര്യ ദിനത്തിന്റെയും സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും ആശംസകൾ നേരുന്നു. ■



# പരിശുദ്ധ മഞ്ഞുമാതാവ്



**രതീഷ് ഭജനമഠം, ആലപ്പുഴ**

**ആ**ഗോള തിരുസഭ മഞ്ഞുമാതാവിന്റെ തിരുനാൾ ആചരിക്കുന്നത് ആഗസ്റ്റ് 5 നാണ്. ലോകത്തിലെ ഏറ്റവും പ്രധാന മരിയൻ ദൈവാലയമായ റോമിലെ മേരി മജോരെ മേജർ ബസിലിക്കായുടെ സ്ഥാപനവുമായി ബന്ധപ്പെട്ട അത്ഭുതവുമായി ഇഴചേർന്നാണ് മഞ്ഞുമാതാവിന്റെ ഭക്തി ആരംഭിച്ചത്. റോമിലെ നാല് ബസിലിക്കാകളിൽ ഒന്നാണ് സാന്താ മരിയ മജോരെ ബസിലിക്ക എന്ന പരിശുദ്ധ കന്യകാമറിയത്തിന്റെ നാമത്തിലുള്ള ഈ മഹാദൈവാലയം. റോമിലെ സെന്റ് പീറ്റേഴ്സ്, സെന്റ് പോൾസ് ഔട്ട് സൈഡ് ദി വാൾസ്, സെന്റ് മരിയ മജോരെ, സെന്റ് ജോൺ ലാറ്ററൻ - എന്നീ ദൈവാലയങ്ങളാണ് മേജർ ബസിലിക്കാകൾ. തിരുസഭയുടെ നാല് പാരമ്പര്യത്തെ നാല് ബസിലിക്കാകൾ പ്രതിനിധാനം ചെയ്യുന്നു. സെന്റ് ജോൺ ലാറ്ററൻ റോമൻ സിംഹാസനത്തെയും സെന്റ് പീറ്റേഴ്സ് കോൺസ്റ്റാന്റിനോപ്പിളിനെയും സൈന്റ് പോൾസ് അലക്സാണ്ട്രിയായെയും മഞ്ഞുമാതാവിന്റെ പള്ളി എന്നറിയപ്പെടുന്ന മേരി മജോരെ അന്ത്യോക്യായെ പ്രതിനിധാനം ചെയ്യുന്നു. പാപ്പയുടെ അൾത്താരയും ജൂബിലി വർഷത്തിൽ തുറക്കുന്ന വിശുദ്ധ വാതിലുകളും മേജർ ബസിലിക്കാകളിലുണ്ട്. ടൈബർ നദീതീരത്തിന്റെ ഇരുഭാഗങ്ങളിലുമായിട്ടാണ് റോമാനഗരം സ്ഥിതിചെയ്യുന്നത്. ടൈബർ നദിയുടെ കിഴക്കുഭാഗത്ത് ഏഴു കുന്നുകളും പടിഞ്ഞാറ് രണ്ടു കുന്നുകളുമുണ്ട്. കിഴക്കേ കരയിലുള്ള ഏഴു കുന്നുകളിൽ ഒന്നാണ് എസ്ക്വിലീൻ. ഈ കുന്നിലാണ് ഏറെ പ്രസിദ്ധമായ മേരി മജോരെ മെജർ ബസിലിക്ക സ്ഥാപിതമായിരിക്കുന്നത്. വസ്തുശില്പ കലാചാരുതയിൽ ഏറെ മികച്ചുനിൽക്കുന്ന ഈ ദൈവാലയം പരിശുദ്ധ മറിയത്തിന് പ്രതിഷ്ഠിച്ചിരിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ പള്ളികളിൽ ഒന്നാണ്.

എ.ഡി. നാലാം നൂറ്റാണ്ടിൽ റോമിൽ ജീവിച്ചിരുന്ന ധനികനായ ഒരു ക്രൈസ്തവ വിശ്വാസിയായിരുന്നു ജിയോവാന്നി. കുട്ടികൾ ഇല്ലാത്ത ജിയോവാന്നി തന്റെ സ്വത്ത് എങ്ങനെ വിനിയോഗിക്കണമെന്ന് ആലോചിച്ചിരിക്കെ എ.ഡി 352 ആഗസ്റ്റ് 4 ന് രാത്രിയിൽ പരിശുദ്ധ കന്യകാമറിയം അദ്ദേഹത്തിന് പ്രത്യക്ഷപ്പെട്ട് എസ്ക്വിലീൻ കുന്നിൽ ഒരു ദൈവാലയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടു. മലയിൽ എവിടെ ദൈവാലയം പണിയണമെന്ന് ആലോചിച്ച് നിന്ന അദ്ദേഹത്തിന് പരിശുദ്ധ അമ്മ മലയിൽ മഞ്ഞു കാണുന്ന സ്ഥലത്ത്

ദൈവാലയം സ്ഥാപിക്കണമെന്ന അടയാളം നൽകി. കടുത്ത വേനൽക്കാലമായ ആഗസ്റ്റിൽ റോമിൽ മഞ്ഞ് വീഴാറില്ലായിരുന്നു. ആ കാലത്തെ പാപ്പായായിരുന്ന പോപ്പ് ലിബേരിയൂസിനെ (എഡി 352-366) ജിയോവാന്നി ഈ അത്ഭുത സംഭവം അറിയിച്ചു. ഇതേപോലുള്ള മരിയൻ ദർശനം തനിക്കും ലഭിച്ചതായും എസ്ക്വിലീൻ മലയിൽ നിർമ്മിക്കേണ്ട ദൈവാലയ മാതൃകയിൽ മഞ്ഞു കാണുമെന്നും പരിശുദ്ധ അമ്മ അറിയിച്ചതായി ലിബേരിയൂസ് പാപ്പാ ജിയോവാന്നിയെ അറിയിച്ചു. മാതാവിന്റെ സന്ദേശപ്രകാരം ലിബേരിയൂസ് പാപ്പാ ആഗസ്റ്റിലെ ആ കടുത്ത ചൂടുകാലത്ത് എസ്ക്വിലീൻ കുന്നിൽ എത്തിയപ്പോൾ കുന്നിന്റെ ഒരു ഭാഗത്ത് അത്ഭുതകരമായി മഞ്ഞായിരുന്നു. പാപ്പായുടെ ആവശ്യപ്രകാരം മഞ്ഞു കിടന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം അളന്നതിനെതുടർന്ന് മഞ്ഞ് അപ്രത്യക്ഷമായി. എസ്ക്വിലീൻ കുന്നിൽ പരിശുദ്ധ മറിയത്തിന്റെ നാമത്തിലുള്ള ദൈവാലയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കണമെന്ന് ലിബേരിയൂസ് പാപ്പാ കൽപ്പിച്ചു. ഇവിടുത്തെ പ്രഥമ ദൈവാലയം എ.ഡി 358 ൽ നിർമ്മാണം പൂർത്തിയാക്കി ആശിർവ്വദിച്ചു. ഈ ദൈവാലയത്തിൽ മാതാവ് അറിയപ്പെടുന്നത് മഞ്ഞുമാതാവ് എന്നാണ്. ആഗസ്റ്റ് 5 നാണ് മഞ്ഞുമാതാവിന്റെ തിരുനാൾ ഇവിടെ ആചരിക്കുന്നത്.

എഫേസൂസ് സൂനഹദോസിനെ തുടർന്ന് വി. സിക്സ്റ്റസ് മൂന്നാമൻ (എ.ഡി. 432-440) പാപ്പായാണ് മഞ്ഞുമാതാവിന്റെ ദൈവാലയം മനോഹരമായി പുനഃർനിർമ്മിച്ചത്. വിവിധ കാലഘട്ടങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾക്കു ശേഷം 1750 കാലഘട്ടത്തിലാണ് ഈ മേജർ ബസിലിക്ക ഇന്നു കാണുന്ന രീതിയിലെത്തിയത്. ഈ ദൈവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പ്രധാന ശിൽപി ഫെർഡിനാൻഡോ ഫൂഗായാണ്. ഈ ദൈവാലയത്തിലെ മണിമാളികയ്ക്ക് 70 മീറ്റർ ഉയരമുണ്ട്. ഇതാണ് റോമിലെ ഏറ്റവും ഉയരം കൂടിയ മണിമാളിക. ശില്പിയായ ഫൂഗായാണ് ഇതിന്റെ മുഖവാരം നിർമ്മിച്ചത്. ഈ ദൈവാലയത്തിന്റെ മുൻഭാഗത്തും പിൻവശത്തുമായി ഓരോ ചത്വരമുണ്ട്. പിൻഭാഗത്തെ ചത്വരത്തിലെ ഈജിപ്ഷ്യൻ ഒബ്ലിസ്ക് 1587 ൽ സ്ഥാപിച്ചതാണ്. ദൈവാലയ മുൻഭാഗത്തിന് ഇരുവശത്തുമായി വി. ചാൾസ് ബൊറോമിയോ, വാഴ്ത്തപ്പെട്ട നിക്കോളാസ് അൽബെർഗാത്തി എന്നിവരുടെ രൂപങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അഞ്ച് വാതിലുകളുള്ള ഈ ബസിലിക്കായുടെ പ്രധാന ഭാഗത്തിന് 86 മീറ്റർ നീളവും 29 മീറ്റർ വീതിയുമുണ്ട്. ഈ ബസിലിക്കയിലെ പ്രധാന അൾത്താര ശില്പി ഫൂഗ 1747 ൽ നിർമ്മിച്ചതാണ്. അൾത്താരയ്ക്ക് താഴെയായി അപ്പസ്തോലനും സുവിശേഷകനുമായ വി. മത്തായിയുടെയും രക്തസാക്ഷികളുടെയും തിരുശേഷിപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ദൈവാലയത്തിൽ രണ്ട് പാപ്പാമാരുടെ കബറിടമുണ്ട്. സിക്സ്റ്റസ് പാപ്പാ നിർമ്മിച്ച 'സിക്സ്റ്റൈൻ കപ്പേള' പോൾ അഞ്ചാമൻ പാപ്പ നിർമ്മിച്ച 'പൗളിൻ കപ്പേള' എന്നിവ ഈ ദൈവാലയത്തിലെ പ്രധാന ഭാഗങ്ങളാണ്. യേശുവിന്റെയും മാതാവിന്റെയും ജീവിതവുമായി ബന്ധപ്പെട്ട പ്രധാന സംഭവങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ഈ ബസിലിക്കയിലെ ചുവർ ചിത്രങ്ങൾ വളരെ ആകർഷണീയമാണ്. മാതാവ് ജിയോവാന്നിക്ക് ദർശനം നൽകുന്നതിന്റെ ഛായാചിത്രം ഏറെ പ്രാധാന്യമുള്ളതാണ്. ഈ ബസിലിക്കയിലെ വെങ്കല പ്രതിമകൾ, വെങ്കല സക്രാരി, മൊസയിക് ചിത്രങ്ങൾ, മാർബിൾ സ്തംഭങ്ങൾ തുടങ്ങിയവ ഏറെ കലാമേന്മയുള്ളതും ആകർഷണീയവുമാണ്. റോമിൽ വരുന്ന ലക്ഷക്കണക്കിന് മരിയൻ തീർത്ഥാടകരാണ് ഈ ദൈവാലയം സന്ദർശിക്കാൻ എത്തുന്നത്.

ഭാരതസഭയിലും മഞ്ഞുമാതാവുമായി ബന്ധപ്പെട്ട ഭക്തി ഏറെ പ്രാധാന്യമുള്ളതാണ്.

ഭാരതത്തിലെ പ്രമുഖ മരിയൻ തീർത്ഥാടന കേന്ദ്രങ്ങളിൽ തമിഴ്നാട്ടിലെ തൂത്തുക്കുടി രൂപതയിലുള്ള തൂത്തുക്കുടി ബസിലിക്ക, കള്ളിക്കുളം പള്ളി, കോട്ടപ്പുറം രൂപതയിലെ പള്ളിപ്പുറം ബസിലിക്ക എന്നീ ദൈവാലയങ്ങൾ മഞ്ഞുമാതാവിന്റെ നാമത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതാണ്. ഈ ദൈവാലയങ്ങളിൽ ആഗസ്റ്റ് 5 നുള്ള മഞ്ഞുമാതാവിന്റെ തിരുനാൾ ഏറെ പ്രാധാന്യമുള്ളതാണ്. വൈപ്പിൻകരയിലെ അതിപുരാതന ക്രൈസ്തവ കേന്ദ്രമായ പള്ളിപ്പുറം ബസിലിക്ക മഞ്ഞുമാതാവിന്റെ നാമത്തിൽ അറിയപ്പെടാനായ അത്ഭുത സംഭവം ഇപ്രകാരമാണ്. ടിപ്പുസുൽത്താന്റെ പടയോട്ടകാലത്ത്, 1790 കാലഘട്ടത്തിൽ കോട്ടപ്പുറം കോട്ടയും കുര്യാപ്പിള്ളി കോട്ടയും ടിപ്പുവും സൈന്യവും തകർത്ത ശേഷം പള്ളിപ്പുറം കോട്ടയും പള്ളിയും മാതാവിന്റെ സംരക്ഷണയാൽ അത്ഭുതകരമായി സംരക്ഷിക്കപ്പെട്ടു. ടിപ്പുവും സൈന്യവും എത്തിയ സമയം പള്ളിപ്പുറം പള്ളിയും പരിസരവും മൂടൽ മഞ്ഞുകൊണ്ട് മൂടപ്പെട്ടിരുന്നുവെന്നാണ് പാരമ്പര്യം. പള്ളിപ്പുറം പള്ളിയും കോട്ടയും ദേശവും ആക്രമിക്കുവാനായി ശക്തമായി മുന്നേറിക്കൊണ്ടിരുന്ന ടിപ്പുവും സൈന്യവും ഇവിടെയെത്തിയപ്പോൾ മഞ്ഞാൽ മൂടപ്പെട്ടിരിക്കുന്നതു കണ്ട് തിരിച്ചുപോയി. പരിശുദ്ധ മറിയത്തിന്റെ പ്രത്യേക അനുഗ്രഹംകൊണ്ടാണ പള്ളിപ്പുറം പള്ളിയും പ്രദേശവും മഞ്ഞുകൊണ്ടു മറയ്ക്കപ്പെട്ട് അതിക്രൂരനായ ടിപ്പുവിന്റെ കിരാതമായ ആക്രമണങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെട്ടതായാണ് പരമ്പരാഗതമായ വിശ്വാസം. ഈ പ്രദേശത്തുള്ളവർ മാതാവിനെ മഞ്ഞുമാതാവ് എന്നുവിളിച്ച് പ്രാർത്ഥിച്ചു. ഈ അത്ഭുതത്തോടെയാണ് ഈ പള്ളി മഞ്ഞുമാതാവിന്റെ ദൈവാലയം എന്നറിയപ്പെടാൻ തുടങ്ങിയത്. ഈ പള്ളിയിൽ ആഗസ്റ്റ് 5 ന് ആചരിക്കുന്ന മഞ്ഞുമാതാവിന്റെ തിരുനാൾ ഏറെ പ്രാധാന്യമുള്ളതാണ്. ഈ ദൈവാലയത്തിന്റെ ചരിത്രപ്രാധാന്യം കണക്കിലെടുത്ത് 2012 ൽ ബെനഡിക്ട് പതിനാറാമൻ പാപ്പ ബസിലിക്കാ പദവിയിൽ ഉയർത്തി. ■



പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക



ഇതാ, നിന്റെ അമ്മ. അപ്പോൾ മുതൽ ആ ശിഷ്യൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.
യോഹ 19:27



# സൈനിക സേവനവും ദൈവിക ശുശ്രൂഷയും ഫാ. ടെജി താണിപ്പിള്ളിയുടെ ദൗത്യജീവിതം



പോൾ ജോസ് പടമാട്ടുമ്മൽ
മുനമ്പം

**അ**മേരിക്കൻ സൈന്യത്തിൽ ഒരു കമ്മീഷൻഡ് ഓഫിസറായി സേവനം ചെയ്യുന്ന കോട്ടപ്പുറം രൂപതയിലെ വൈദികൻ ആണു ഫാ. ടെജി താണിപ്പിള്ളി. അദ്ദേഹം ഇപ്പോൾ വിവിധ സൈനിക യൂണിറ്റുകൾ ഉൾപ്പെടുന്ന ഒരു ബറ്റാലിയനിൽ ചാപ്ലിൻ (ആത്മീക ഉപദേശകൻ) ആയി പ്രവർത്തിക്കുന്നു. കോട്ടപ്പുറം രൂപതയിലെ മാളപള്ളിപ്പുറം സെന്റ് ആന്റണീസ് ഇടവകയിലെ അംഗമായ ഫാ. ടെജി, യുഎസ് മിലിട്ടറി സർവീസസിനായി മാത്രം നിലവിലുണ്ടാക്കിയിരിക്കുന്ന വാഷിംഗ്ടണിലെ പ്രത്യേക റോമൻ കത്തോലിക്കാ അതിരൂപതയുടെ അംഗീകാരത്തോടെ സൈന്യത്തിലേക്ക് ചേർന്നു. അദ്ദേഹത്തിന്റെ ഈ യാത്ര ദൈവത്തിന്റെ പ്രത്യേക നിയോഗം പോലെയായിരുന്നു.

## വൈദിക ജീവിതത്തിന്റെ ആരംഭം



ആലുവയിലെ കാർമൽഗിരി സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനറിയിൽ വൈദിക പഠനം പൂർത്തിയാക്കിയ ഫാ. ടെജി, 1998ൽ കോട്ടപ്പുറം രൂപതയ്ക്കായി വൈദികനായി അഭിഷിക്തനായി. ബിഷപ് ഫ്രാൻസിസ് കല്ലറക്കലാണ് അദ്ദേഹത്തിന് വൈദിക പട്ടം നൽകിയത്. ഗോതുരുത്ത്, മാനാഞ്ചിരിക്കുന്ന്, മുനമ്പം, കൂട്ടുകാട്, ചാത്തനാട് തുടങ്ങിയ ഇടവകകളിൽ സേവനം ചെയ്തതിനു പിന്നാലെ, അഞ്ച് വർഷത്തോളം രൂപതയുടെ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്ററായി ജോലി ചെയ്തു.

## അമേരിക്കയിലേക്കുള്ള യാത്രയും യുഎസ് സൈന്യത്തിലേക്ക് പ്രവേശവും

2011 ൽ ഫാ. ടെജി അമേരിക്കയിലേക്ക് പോവുകയുണ്ടായി. അവിടെ നോർത്ത് ഡക്കോട്ടയിലെ ബിസ്മാർക്കിൽ ഇടവക സഹവികാരിയായിരുന്നു. പിന്നീട് മൂന്ന് ഇടവകകളടങ്ങുന്ന ക്ലസ്റ്ററിന്റെ വികാരിയായി സേവനം ചെയ്തു.

അന്ന് ഫാ. ടെജി ശുശ്രൂഷ ചെയ്ത ദേവാലയത്തിനടുത്ത് വലിയൊരു സൈനിക സെമിത്തേരി ഉണ്ടായിരുന്നുവെന്നും, പല സൈനികരുടെ സംസ്കാരച്ചടങ്ങുകൾക്ക് കാർമികത്വം വഹിച്ചിരുന്നുവെന്നും അദ്ദേഹം പറയുന്നു. ഇതിലൂടെ സൈനികർക്കും അവരുടെ കുടുംബാംഗങ്ങൾക്കും അടുപ്പം കൂടിയപ്പോൾ സൈനിക ചാപ്ലിൻ എന്ന പദവി കുറിച്ച് കൂടുതൽ അറിയാൻ അദ്ദേഹം താൽപര്യപ്പെട്ടു.

### യുഎസ് സൈനിക അതിരൂപത

1985 ൽ പാപ്പായായിരുന്ന സെന്റ് ജോൺ പോൾ രണ്ടാമനാണ് യുഎസ് സൈനിക വിഭാഗങ്ങൾക്കായി പ്രത്യേക റോമൻ കത്തോലിക്കാ അതിരൂപത സ്ഥാപിച്ചത്. സൈനികർക്ക് ആത്മീയ സഹായം നൽകാനും, കൂദാശകൾ നൽകി ശുശ്രൂഷിക്കാനും, മാനസികാരോഗ്യ പ്രശ്നങ്ങളിൽ കൗൺസലിംഗ് നൽകാനും, മതബോധനവും വഴികാട്ടലും നടത്താനും ഈ അതിരൂപതയിലെ വൈദികരായ ചാപ്ലിന്മാർ ചുമതലയേൽക്കുന്നു.

### ചാപ്ലിൻ ആയതിന് പിന്നിലെ തയ്യാറെടുപ്പ്

ഫാ. ടെജിക്ക് ചാപ്ലിൻ ആകാനായി കഠിനമായ ശാരീരിക പരിശീലനം, ഭാഷാപരമായ പരീക്ഷകൾ, സുരക്ഷാ പരിശോധനകൾ എന്നിവയെല്ലാം കടക്കേണ്ടിവന്നു. യുഎസ് രഹസ്യാന്വേഷണ വിഭാഗം അദ്ദേഹത്തിന്റെ പൂർവ്വ ജീവിതം മുഴുവനായി പരിശോധിച്ചു. അവസാനം, അദ്ദേഹത്തെ കമ്മീഷൻഡ് ഓഫീസറായും, ചാപ്ലിനായും നിയമിച്ചു. ഫാ. ടെജി ആർമിയുടെ യൂണിഫോം ധരിച്ചാണ് സേവനം നടത്തുന്നത്, കൂടാതെ യുദ്ധമേഖലയിലേക്ക് പോകേണ്ടിയും വരും.

### സേവനത്തിന്റെ അതിരുകൾ

ചാപ്ലിൻ ആയി ശുശ്രൂഷ ചെയ്യുന്ന ഫാ. ടെജിക്ക് സൈനികരുടെ വിവാഹചടങ്ങുകൾ, മൃതസംസ്കാരങ്ങൾ, വിവാഹത്തിൽ ഉപദേശം നൽകുക, മാനസിക പിന്തുണ നൽകുക




തുടങ്ങി അനേകം ഉത്തരവാദിത്വങ്ങളുണ്ട്. വിവിധങ്ങളായ ട്രോമകൾ, ആത്മഹത്യാഭാവം, ലഹരി ഉപയോഗം എന്നിവയെ നേരിടാൻ സഹായിക്കുകയും വേണം. ദുഃഖിതരായ കുടുംബാംഗങ്ങൾക്ക് ആശ്വാസം നൽകുന്നത് ഒരു പ്രധാന ചുമതലയാണ്.

### അനുഭവങ്ങളും സന്ദേശവും

കോവിഡ് കാലത്ത് ഫാ. ടെജി തന്റെ യൂണിറ്റിനൊപ്പം കൊവിഡ് ബാധിത പ്രദേശങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. പലപ്പോഴും ആരാധനയ്ക്കായി താത്കാലിക കൂടാരങ്ങൾ തയാറാക്കി, അവിടെയായി കുരിശ് ഉയർത്തി ആരാധനാലയം സജ്ജമാക്കിയിട്ടുണ്ട്.

ഫാ. ടെജി പറയുന്നു: "അമേരിക്കൻ സൈന്യത്തിന്റെ ചാപ്ലിൻ എന്ന നിലയിൽ സേവനം നടത്തുന്നതിൽ എനിക്ക് വലിയ സന്തോഷമുണ്ട്. സൈനിക യൂണിഫോം അണിഞ്ഞവരെ അമേരിക്കൻ സമൂഹം നൽകുന്ന ബഹുമാനം വളരെ വലിയതാണ്. എന്നാൽ അതിനേക്കാൾ വലിയതാണ്, ക്രിസ്തുവിന്റെ സ്നേഹവും സമാധാനവും സൈനികർക്കിടയിൽ പ്രഘോഷിക്കുന്ന ദൗത്യം."

ബഹുമാനപ്പെട്ട ടെജി അച്ചാ..

അങ്ങേക്ക് ഞങ്ങളുടെ ബിഗ് സല്യൂട്ട്

■



കർത്താവ് ആത്മാവാണ്; കർത്താവിന്റെ ആത്മാവുള്ളിടത്തു സ്വാതന്ത്ര്യമുണ്ട്.
2 കോറിന്തോസ് 3 : 17



# കാലത്തിന്റെ അടയാളങ്ങൾ

**വിക്ടർ മരിയാൻ വടക്കേടത്ത്**

**പ**ത്രങ്ങളിലും ടി.വിയിലും മറ്റെല്ലാ മാധ്യമങ്ങളിലും ഈ ദിവസങ്ങളിലെ പ്രധാന വാർത്തകൾ യുദ്ധങ്ങളെ സംബന്ധിച്ചുള്ളവയാണ്. അവയാണെങ്കിൽ ഓരോ മാധ്യമങ്ങളുടെയും ചിന്താഗതിക്കൊത്തവണ്ണം വ്യത്യസ്ഥങ്ങളാണ്. ഇന്നത്തെ സാഹചര്യത്തിൽ, ഏത് വിഷയം സംബന്ധിച്ചാണെങ്കിലും, ശരിയായ വാർത്ത ഏതാണെന്ന് കണ്ടുപിടിക്കാൻ പ്രയാസം തന്നെയാണ്. ലോകത്തിൽ വലിയ പുരോഗതി ഉണ്ടായിട്ടുള്ളത് ഏകദേശം നൂറ് വർഷങ്ങൾക്കുള്ളിലാണ്. ലോകത്തെ നാശിപ്പിക്കാൻ പാകത്തിൽ നാം വളർന്നതും ഈ കാലയളവിൽത്തന്നെയാണ്.

ഈ കാലയളവിൽ സർവ്വം നശിപ്പിക്കേണ്ടതിന് നാം നേടിയ പുരോഗതിയെ യാണ് നാം ഇപ്പോൾ ചിന്താവിഷയമാക്കുന്നത്. വെടിമരുന്ന് കടന്നുവന്നിട്ട് ഏകദേശം ആയിരത്തോളം വർഷങ്ങളായി. എന്നാൽ സർവ്വനാശത്തിന്റെ തുടക്കക്കാരനായ ഡൈനാമൈറ്റ് ഉപയോഗിക്കാൻ തുടങ്ങിയിട്ട് ഏകദേശം 140 വർഷങ്ങളേ ആയിട്ടുള്ളൂ. സർവ്വനാശം വരുത്താൻ പ്രാപ്തിയുള്ള ആറ്റംബോംബ് വന്നിട്ട് 80 വർഷങ്ങളേ ആയിട്ടുള്ളൂ. ഏതാണ്ട് അതേ കാലയളവിൽത്തന്നെയാണ് മിസ്സൈലുകൾക്ക് തുടക്കം കുറിച്ചതെങ്കിലും, ആയുധങ്ങൾ ലക്ഷ്യത്തിലെത്തിക്കാൻ പാകത്തിൽ രൂപപ്പെടുത്തിയിട്ട് ഏകദേശം 40 വർഷങ്ങളേ ആകുന്നുള്ളൂ. ഇവയെല്ലാം കൈകാര്യം ചെയ്യുന്നതിന് ഇന്ന് ഏറ്റവും കൂടുതൽ ഉപയോഗിക്കുന്ന വിമാനങ്ങൾ പറക്കാൻ തുടങ്ങിയിട്ട് 120 വർഷങ്ങളേ ആകുന്നുള്ളൂ. ഇവയെല്ലാം നിയന്ത്രിക്കാൻ മനുഷ്യശേഷി ആവശ്യമില്ലാത്ത വിധമാണ് എല്ലാം ക്രമീകരിച്ചിട്ടുള്ളത്. അതിനു പാകത്തിൽ യന്ത്രങ്ങൾ വികസിപ്പിച്ചുകഴിഞ്ഞു. നിർമ്മിതബുദ്ധി (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) അത്രമേൽ വളർന്നു കഴിഞ്ഞു. വലിയ പുരോഗതിതന്നെയാണ്. എന്നാൽ ഈ പുരോഗതിക്ക് മദ്ധ്യേ ഒളിഞ്ഞിരിക്കുന്ന മറ്റൊരു സത്യമുണ്ട്. തയ്യാറാക്കി വച്ചിരിക്കുന്ന ഈ യുദ്ധ സാമഗ്രികൾ പ്രയോഗിക്കാൻ പോകുന്നവർ, ഇവയെല്ലാം തയ്യാറാക്കി വച്ചിരിക്കുന്നവർ തന്നെ ആയിരിക്കുമോ?

ഈ പോക്ക് എങ്ങോട്ടാണ്? ഒരു ക്രിസ്ത്യാനി അറിഞ്ഞിരിക്കേണ്ടതായ ചില സുപ്രധാന യാഥാർത്ഥ്യങ്ങളുണ്ട്. ഇങ്ങനെയെല്ലാം

സംഭവിക്കുമെന്ന് യേശുക്രിസ്തു രണ്ടായിരത്തോളം വർഷങ്ങൾക്ക് മുമ്പേ നമ്മെ അറിയിച്ചിട്ടുണ്ട്. അക്കാലത്തെ പീഡനങ്ങൾക്ക് ശേഷം പൊടുന്നനെ സൂര്യൻ ഇരുണ്ടുപോകും. ചന്ദ്രൻ പ്രകാശം തരികയില്ല. നക്ഷത്രങ്ങൾ ആകാശത്ത് നിന്ന് നിപതിക്കും. ആകാശശക്തികൾ ഇളകുകയും ചെയ്യും (മത്താ 24:29, മാർക്കോസ് 13: 24,25) സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ പ്രത്യക്ഷപ്പെടും. കടലിന്റേയും തിരമാലകളുടേയും ഇരമ്പൽ ജനപദങ്ങളിൽ സംഭ്രമമുളവാക്കും. ആകാശശക്തികൾ ഇളകും (ലൂക്കാ 21:25, 26). കർത്താവ് നൽകിയ ഈ അടയാളങ്ങൾ അവിടുത്തെ രണ്ടാം വരവിന്റെ അടയാളങ്ങളാണെന്ന് തിരിച്ചറിയുക. വിശുദ്ധ മത്തായിയുടെ സുവിശേഷം 24-ാം അദ്ധ്യായവും, വിശുദ്ധ മാർക്കോസിന്റെ സുവിശേഷം 13-ാം അദ്ധ്യായവും, വിശുദ്ധ ലൂക്കായുടെ സുവിശേഷം 21-ാം അദ്ധ്യായങ്ങളും ഈ അടയാളങ്ങളുടെ വിശദാംശങ്ങളാണ്.



ഈശോ സുവിശേഷം അറിയിച്ചിട്ട് രണ്ടായിരത്തോളം വർഷങ്ങളായി. ഈ കാലയളവിൽ മനുഷ്യരെ ധാരാളമായി അനുഗ്രഹിക്കുകയും ചെയ്തു. ഈശോ നമ്മളിൽ നിന്ന് ആവശ്യപ്പെടുന്നത് സ്നേഹം മാത്രമാണ്. പരസ്പരം സ്നേഹിക്കാനുള്ള ദൈവത്തിന്റെ ആഹ്വാനത്തിന് വിപരീതമായല്ലേ, ഇന്ന് നാം ചെയ്തുകൂട്ടുന്നവയെല്ലാം തന്നെ. ആ സ്നേഹം മനുഷ്യരിൽ എന്നും നിലനിൽക്കേണ്ടതിനായി രണ്ടായിരം വർഷങ്ങൾക്ക് മുൻപേ വിശുദ്ധ കുർബാനയും വിശുദ്ധ കുമ്പസാരവും കർത്താവ് സ്ഥാപിക്കുകയും ചെയ്തു. എന്നും നിലനിൽക്കുന്ന ഈ കൂദാശകൾക്ക് പുറമേ ഈ കാലഘട്ടത്തിലേക്കായി ചില പ്രാർത്ഥനകളും കർത്താവ് ഒരുക്കി. നിർണ്ണായക പ്രതിസന്ധികൾ ഉയർന്നു വന്നപ്പോഴെല്ലാമാണ് ഈ പ്രാർത്ഥനകൾ നമുക്ക് നൽകിയതെന്ന് ഓർക്കുക. ഈ പ്രാർത്ഥനകളാണെങ്കിൽ പ്രാർത്ഥിക്കുന്ന വ്യക്തിക്കു മാത്രമല്ല. ലോകം മുഴുവനുമുള്ള എല്ലാവരുടേയും രക്ഷക്കായുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളാണ്.

1917 ൽ, ഒന്നാം ലോകമഹായുദ്ധം നടക്കുന്ന കാലത്ത്, ലൂസി, ജെസീന്ത, ഫ്രാൻസീസ് എന്നിവർക്ക് മാതാവ് പ്രത്യക്ഷപ്പെട്ട്, നരകത്തിന്റെ ഭീകരാവസ്ഥ കാണിച്ചു കൊടുത്തുകൊണ്ട്, “ഓ, എന്റെ ഈശോയെ, ഞങ്ങളുടെ പാപങ്ങൾ പൊറുക്കേണമേ, നരകാഗ്നിയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ, എല്ലാ ആത്മാക്കളേയും പ്രത്യേകമായി അങ്ങേ കരുണ ഏറ്റവും കൂടുതൽ ആവശ്യമായിരിക്കുന്നവരെ സ്വർഗ്ഗത്തിലേക്ക് ആനയിക്കേണമേ” എന്ന പ്രാർത്ഥന അവരെ പഠിപ്പിച്ചു. ജപമാലയോട് ചേർത്ത് ഓരോ രഹസ്യത്തിനൊപ്പവും ഈ പ്രാർത്ഥന നാം ചൊല്ലുന്നു.

ജപമാല പ്രാർത്ഥന വിശുദ്ധ ഡൊമിനിക് ഗുസ്മാനിലൂടെ 800 വർഷങ്ങൾക്ക് മുൻപ് തുടക്കം കുറിച്ചെങ്കിലും, പല ഘട്ടങ്ങളിലൂടെ കടന്ന് സാർവ്വത്രിക പ്രാർത്ഥനയായത് ഫാത്തിമ പ്രത്യക്ഷീകരണം മുതലാണ്.

രണ്ടാം ലോകമഹായുദ്ധം ആരംഭിക്കുന്നതിനു മുൻപ് 1937ൽ വിശുദ്ധ ഫൗസ്റ്റീനക്ക് ഈശോ പ്രത്യക്ഷപ്പെട്ട്, സംഘർഷം വളരാൻ തുടങ്ങിയ ആ കാലത്ത്, ദൈവ കരുണയ്ക്കായി യാചിച്ചു പ്രാർത്ഥിക്കേണ്ടതിന് ഒരു പ്രാർത്ഥന

*അത്യുന്നതനായ ദൈവത്തെ ഞാൻ വിളിച്ചപേക്ഷിക്കുന്നു; എനിക്കുവേണ്ടി എല്ലാം ചെയ്തുതരുന്ന ദൈവത്തെത്തന്നെ.*

സങ്കീർത്തനങ്ങൾ 57 : 2

പറഞ്ഞു കൊടുത്തു. "ഈശോയുടെ അതിദാരുണമായ പീഡാസഹനങ്ങളെ പ്രതി, ഞങ്ങളുടെ മേലും ലോകം മുഴുവന്റെ മേലും കരുണയായിരിക്കേണമേ." ഈ പ്രാർത്ഥന ജപമാലയുടെ ഘടനയിൽ ആവർത്തിച്ചു ചൊല്ലാൻ നിർദ്ദേശിച്ചു.

സാത്താൻ ഇപ്പോൾ സർവ്വശക്തിയും പ്രയോഗിച്ചുകൊണ്ടിരിക്കുകയാണെന്ന് ഇന്നത്തെ ലോകഗതി വ്യക്തമായ സൂചന നൽകുന്നുണ്ടല്ലോ. മനുഷ്യർ തമ്മിൽ എത്രത്തോളം ശത്രുത വളർത്താനാകുമോ അതിനുള്ള പ്രയത്നത്തിലാണ് ഇപ്പോൾ സാത്താൻ. "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ട് ചുറ്റി നടക്കുന്നു" (1 പത്രോ 5:8) എന്ന് പത്രോസ് ശ്ലീഹാ നൽകിയ മുന്നറിയിപ്പാണ് ഇപ്പോൾ നിറവേറിക്കൊണ്ടിരിക്കുന്നത്.

സാത്താൻ എത്രശക്തമായി മുന്നേറിയാലും അവസാനവിജയം പരിശുദ്ധ അമ്മയുടേതാണ്. പരിശുദ്ധ അമ്മ ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, മൂന്നാമത്തെ പ്രത്യക്ഷീകരണ സമയത്ത്, നരകത്തിൽ ദർശനം കുട്ടികൾക്ക് നൽകിയശേഷം അവരോട് പറഞ്ഞു: "അവസാനം എന്റെ വിമലഹൃദയം വിജയിക്കും. എന്നാൽ പോരാട്ടത്തിന്റെ ആ അവസാനഘട്ടം ഏറെ ദുരിതം നിറഞ്ഞതായിരിക്കും." വിശുദ്ധ വിൻസന്റ് ഫെറർ ഇങ്ങനെ പറഞ്ഞിട്ടുണ്ട്: "അന്ത്യകാലത്ത് തനിക്കുള്ള സമയം ചുരുക്കമാണെന്നറിഞ്ഞ് പിശാച് മർദ്ദനവും ചതിയും ഉഗ്രപീഡനങ്ങളും മറിയത്തിനെതിരെ അഴിച്ചുവിടും. അതുകൊണ്ട് ഒരു വൻ സൈന്യനിരതന്നെ മറിയം തനിക്കായി രൂപപ്പെടുത്തും." അങ്ങനെ ഒരു സൈന്യനിര മാതാവ് തനിക്കായി രൂപപ്പെടുത്തുന്നുണ്ട് എന്ന് തീർച്ചയാണ്. ഫാ. ഡോൺ സ്റ്റെഫാനോ ഗോബിക്ക് നൽകിയ സന്ദേശത്തിലും മാതാവ് ഇത് പറഞ്ഞിട്ടുണ്ട്. മെജ്ജുഗോരിയയിൽ മാതാവിന്റെ പ്രത്യക്ഷീകരണത്തിന്റെ ഭാഗമായി ദിവസം മൂന്ന് മണിക്കൂറിൽ കൂടുതൽ പ്രാർത്ഥിക്കുവാൻ സന്നദ്ധതയുള്ളവരെ ഒരുമിച്ച് ചേർത്ത് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മാതാവ് തന്നെ പ്രാർത്ഥനാ കൂട്ടായ്മകൾ രൂപീകരിച്ചിട്ടുണ്ട്. ആ സൈന്യ നിരയിൽ നാം ഓരോരുത്തരും അംഗങ്ങളാകാൻ സന്നദ്ധരാകുകയാണ് വേണ്ടത്.

ഈ വസ്തുതകളെല്ലാം എല്ലാവരുടേയും ശ്രദ്ധയിലേക്ക് കൊണ്ടുവന്നത്, ഇന്നത്തെ ലോകഗതി എന്താണെന്നും, അവയെല്ലാം ദൈവം അറിഞ്ഞുതന്നെയാണ് സംഭവിക്കുന്നതെന്നും ഓർമ്മപ്പെടുത്തുന്നതിനുവേണ്ടിയാണ്. അതുകൊണ്ടാണ് രണ്ടായിരം വർഷങ്ങൾക്കുമുൻപ് ഈശോ ഇവയെല്ലാം നമ്മെ അറിയിച്ചത്. ലോകം എത്രമേൽ കീഴ്മേൽ മറിഞ്ഞാലും ദൈവവിശ്വാസിയായ ഒരു വ്യക്തി വ്യതിചലിക്കേണ്ടതില്ല. കാരണം, നമ്മുടെ രക്ഷയ്ക്കായി എല്ലാവിധ സംരക്ഷണ ഉപാധികളും ദൈവം നിശ്ചയിച്ചു നൽകിയിട്ടുണ്ട്. കാലാകാലങ്ങളിൽ ആവശ്യമായവ നൽകുന്നുമുണ്ട്. വിശ്വാസ പ്രമാണത്തിലെ ആദ്യവാചകമായ "സർവ്വശക്തനായ പിതാവും ആകാശത്തിന്റെയും ഭൂമിയുടേയും സൃഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു" എന്ന് നാം ചൊല്ലുമ്പോൾ പതറാത്ത വിശ്വാസമാണ് നാം ഏറ്റു പറയുന്നത് എന്ന് ഉറപ്പാക്കുക. അങ്ങനെയാണെങ്കിൽ, നാം ചിന്താ വിഷയമാക്കിയ ഇത്രയും കാര്യങ്ങൾ നമ്മുടെ അസ്തിത്വത്തിന്റെ മൂല്യം മനസ്സിലാക്കാൻ നമ്മെ സഹായിക്കും. നമ്മോടൊപ്പം മറ്റെല്ലാ മനുഷ്യർക്കും വേണ്ടി പ്രാർത്ഥിക്കാൻ പ്രേരണയാവുകയും ചെയ്യും. നാം ചൊല്ലുന്ന പ്രാർത്ഥനകൾ "ഞങ്ങൾക്കുവേണ്ടി"യാണെന്ന് ഓർക്കുക. ഈശോ നമ്മെ പഠിപ്പിച്ച സ്വർഗ്ഗസ്ഥനായ പിതാവേ എന്ന പ്രാർത്ഥനയും "ഞങ്ങൾക്ക് വേണ്ടിയാണ്". ഒന്നും "എനിക്ക് വേണ്ടി"യായിട്ടുള്ളതല്ല. അതായത് ഒരു ക്രിസ്ത്യാനിയുടെ ദൗത്യമാണ് ഈ പ്രാർത്ഥനകളിൽ നിറഞ്ഞു നിൽക്കുന്നത്. മറ്റുള്ളവർക്ക് വേണ്ടി ദൈവസന്നിധിയിൽ മദ്ധ്യസ്ഥരാകുക എന്ന ദൗത്യം. ■






# പത്തു കല്പനകൾ



**ഫാ. സിജോ വേലിക്കകത്തോട്ട്**
വിശ്വാസ പരിശീലന കമ്മീഷൻ ഡയറക്ടർ

**വി**ശ്വാസത്തിന്റെ വഴിത്താരയിൽ ഇതുവരെ സഭയുടെ ഏഴു കൂദാശകളെക്കുറിച്ചാണ് നാം പ്രതിപാദിച്ചത്. ദൈവം മോശയിലൂടെ മനുഷ്യർക്ക് നൽകിയ പത്തു കൽപ്പനകളെക്കുറിച്ച് ഇനി വിശ്വാസത്തിന്റെ വഴിത്താരയിൽ നമുക്ക് പരിശോധിക്കാം. "ഗുരോ നിത്യജീവൻ സ്വന്തമാക്കാൻ ഞാൻ എന്ത് ചെയ്യണം?" ഈ ചോദ്യം ചോദിച്ച് യുവാവിനോട് യേശു പറഞ്ഞു, "ജീവനിൽ പ്രവേശിക്കാൻ നീ ആഗ്രഹിക്കുന്നുവെങ്കിൽ കൽപ്പനകൾ അനുസരിക്കുക." ഏതാണ് ആ കൽപ്പനകൾ? എന്താണ് അവ അർത്ഥം ആക്കുന്നത്?

പത്തു കൽപനകൾ എന്നു വിവർത്തനം ചെയ്തിട്ടുള്ള "ദെക്കലോഗ്" എന്ന വാക്കിന്റെ വാച്യാർഥം "പത്തു വാക്കുകൾ" എന്നാണ്. ദൈവം വിശുദ്ധ മലയിൽ വച്ച് തന്റെ ജനത്തിന് ഈ 'പത്തു വാക്കുകൾ വെളിപ്പെടുത്തി. അവിടുന്ന് തന്റെ വിരൽകൊണ്ട് എഴുതി. അവ മോശയാൽ എഴുതപ്പെട്ട മറ്റു കൽപനകൾ പോലെയായിരുന്നില്ല. അവ ഏറ്റവും ശ്രേഷ്ഠമായ വിധത്തിൽ ദൈവത്തിന്റെ വാക്കുകളാണ്. പുറപ്പാട് നിയമാവർത്തനം എന്നീ പുസ്തകങ്ങളിലൂടെ അവ നമുക്കു കൈമാറപ്പെട്ടിരിക്കുന്നു. പഴയനിയമം മുതൽ വിശുദ്ധ ഗ്രന്ഥങ്ങൾ "പത്തു വാക്കുകളെ" പരാമർശിക്കുന്നുണ്ട്; എന്നാൽ അവയുടെ പൂർണ്ണമായ അർത്ഥം വെളിവാക്കപ്പെടുന്നത് യേശുക്രിസ്തുവിലുള്ള പുതിയ ഉടമ്പടിയിലാണ് (CCC 1652).

'പത്തു വാക്കുകൾ' ദൈവത്തിന്റെ നിയമത്തെ സംക്ഷേപിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു: ഈ വചനങ്ങൾ കർത്താവു മലയിൽ അഗ്നിയുടെയും മേഘത്തിന്റെയും കനത്ത അന്ധകാരത്തിന്റെയും മധ്യേനിന്നുകൊണ്ട് അത്യുച്ചത്തിൽ ഇസ്രായേൽ സമൂഹം മുഴുവനോടുമായി അരുൾച്ചെയ്തു. അവിടുന്ന് ഇതിൽ കൂടുതലൊന്നും പറഞ്ഞില്ല. അവിടുന്നു രണ്ടു കൽപലകകളിൽ ഇവയെല്ലാം എഴുതി മോശയെ ഏൽപിച്ചു. ഇക്കാരണത്താൽ ഈ രണ്ടു കൽപനകൾ 'സാക്ഷ്യം' എന്നു വിളിക്കപ്പെടുന്നു. യഥാർഥത്തിൽ അവ ദൈവവും അവിടുത്തെ ജനവും തമ്മിൽ ചെയ്ത ഉടമ്പടിയുടെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്നു."സാക്ഷ്യത്തിന്റെ ഈ കൽപലകകൾ", "പേടകത്തിൽ" വച്ചു സൂക്ഷിക്കാനുള്ളവയായിരുന്നു (CCC 2058).

"നീ നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണാത്മാവോടും നിന്റെ പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക." ഇതായിരുന്നു ദൈവം നൽകിയ



ഉണർന്നു പ്രശോഭിക്കുക; നിന്റെ പ്രകാശം വന്നുചേർന്നിരിക്കുന്നു. കർത്താവിന്റെ മഹത്വം നിന്റെ മേൽ ഉദിച്ചിരിക്കുന്നു.
ഏശയ്യാ 60 : 1

ആദ്യത്തെ കൽപ്പന. മനുഷ്യനു ദൈവത്തോടുള്ള കടമകളെ യേശു ഈ കല്പനയിൽ സംഗ്രഹിച്ചു. "നീ നിന്റെ ദൈവമായ കർത്താവിനെ നിന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും നിന്റെ പൂർണ്ണമനസ്സോടുംകൂടെ സ്നേഹിക്കുക." "ഇസ്രായേലേ, കേൾക്കുക: നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവാണ്" എന്ന ആഘോഷപൂർവ്വകമായ ആഹ്വാനത്തെ ഈ പ്രസ്താവന പെട്ടെന്നു പ്രതിധ്വനിപ്പിക്കുന്നു. ദൈവം ആദ്യം സ്നേഹിച്ചു. ഏകദൈവത്തിന്റെ സ്നേഹം "പത്തു വാക്കുക" ളിൽ ആദ്യമായി സമാഹരിക്കപ്പെടുന്നു. പിന്നെ മനുഷ്യൻ തന്റെ ദൈവത്തിനു നൽകാൻ വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹത്തിന്റെ പ്രത്യുത്തരത്തെ കല്പനകൾ വ്യക്തമാക്കുന്നു (CCC 2083).

പ്രഥമ കല്പന വിശ്വാസം, ശരണം, സ്നേഹം എന്നിവ ഉൾക്കൊള്ളുന്നു. 'ദൈവം' സുസ്ഥിരനും അചഞ്ചലനും എന്നും ഒരാളായിരിക്കുന്നവനും വിശ്വസ്തനും നീതിമാനുമാണെന്ന് നാം പറയുമ്പോൾ നാം കുറ്റമറ്റവിധം ശരിയായി അവിടുത്തെ ഏറ്റുപറയുകയാണ്. അതിനാൽ നാം അവിടുത്തെ വാക്കുകൾ സ്വീകരിക്കുകയും, അവിടുന്നിൽ പൂർണ്ണമായി വിശ്വസിക്കുകയും, അവിടുത്തെ അധികാരത്തെ അംഗീകരിക്കുകയും ചെയ്യുക ആവശ്യമാണ്. അവിടുത്തെ സർവ്വശക്തിയെയും കാരുണ്യത്തെയും, നന്മചെയ്യാനുള്ള അവിടുത്തെ കഴിവും ആഭിമുഖ്യവും കണക്കിലെടുക്കുന്ന ആർക്കാണ് അവിടുന്നിൽ പ്രത്യാശയർപ്പിക്കാതിരിക്കാൻ കഴിയുക? നമ്മുടെമേൽ അവിടുന്നു ചൊരിഞ്ഞ നന്മയുടെയും സ്നേഹത്തിന്റെയും സമ്പത്തിനെക്കുറിച്ചു ധ്യാനിക്കുമ്പോൾ ആർക്കാണ് അവിടുത്തെ സ്നേഹിക്കാതിരിക്കാൻ കഴിയുക? (CCC 2086).

ദൈവസ്നേഹത്തിന് എതിരായി പലവിധത്തിൽ പാപം ചെയ്യാൻ സാധിക്കും

1. നിസ്സംഗത ദൈവികസ്നേഹത്തെപ്പറ്റിയുള്ള പരിചിന്തനം അവഗണിക്കുകയോ തള്ളിക്കളയുകയോ ചെയ്യുന്നു. അത് അതിന്റെ മുൻപേ വരുന്ന ദൈവിക സ്നേഹത്തെ അവഗണിക്കുകയും അതിന്റെ ശക്തിയെ നിഷേധിക്കുകയും ചെയ്യുന്നു.

2. നന്ദിഹീനത ദൈവത്തെ അംഗീകരിക്കുന്നതിലും അവിടുത്തേയ്ക്കു സ്നേഹത്തിനു പകരം സ്നേഹം നൽകുന്നതിലും വീഴ്ച വരുത്തുന്നു. അല്ലെങ്കിൽ അതിനു വിസമ്മതിക്കുന്നു.

3. മന്ദോഷ്ണത ദൈവിക സ്നേഹത്തോടു പ്രത്യുത്തരിക്കുന്നതിലുള്ള സന്ദേഹമോ അവഗണനയോ ആണ്. സ്നേഹത്തിന്റെ പ്രചോദനത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുവാനുള്ള വൈമനസ്യവും അത് അർത്ഥമാക്കാം.

4. മടി അഥവാ ആദ്ധ്യാത്മികമായ അലസത ദൈവത്തിൽ നിന്നു വരുന്ന സന്തോഷത്തെ നിഷേധിക്കുകയോ ദൈവിക നന്മയെ വെറുക്കുകയോ ചെയ്യുന്നിടത്തോളം എത്തുന്നു.

5. ദൈവവിദ്വേഷം അഹങ്കാരത്തിൽ നിന്നു വരുന്നു. അതു ദൈവസ്നേഹത്തിനു വിരുദ്ധമാണ്. അവിടുത്തെ നന്മയെ നിഷേധിക്കുന്നു. പാപങ്ങളെ നിരോധിക്കുകയും ശിക്ഷ നല്കുകയും ചെയ്യുന്ന അവിടുത്തെ ശപിക്കാൻ ഉദ്ദേശിക്കുന്നു (CCC 2094).

തന്നെത്തന്നെ ജനത്തിനു വെളിപ്പെടുത്തിയ ഏക കർത്താവിനെയല്ലാതെ മറ്റു ദൈവങ്ങളെ ആരാധിക്കുന്നതിനെ ഒന്നാമത്തെ കല്പന വിലക്കുന്നു. അത് അന്ധവിശ്വാസത്തെയും മതനിന്ദയെയും നിരോധിക്കുന്നു (CCC 2110).

സ്വരൂപങ്ങൾക്കു നൽകുന്ന ക്രൈസ്തവ വണക്കം വിഗ്രഹങ്ങളെ നിരോധിക്കുന്ന പ്രഥമ കല്പനയ്ക്കു വിരുദ്ധമല്ല. തീർച്ചയായും "ഒരു സ്വരൂപത്തിനു നൽകപ്പെടുന്ന വണക്കം അതിന്റെ ആദിരൂപത്തിലേക്കു കടന്നുചെല്ലുന്നു. ഒരു സ്വരൂപത്തെ വണങ്ങുന്നവർ അതിൽ ചിത്രീകരിക്കപ്പെട്ട വ്യക്തിയെ വണങ്ങുന്നു." തിരുസ്വരൂപങ്ങൾക്കു നൽകുന്ന ബഹുമാനം ആദരവാർന്ന വണക്കം ആണ്, ദൈവത്തിനു മാത്രം അർഹമായ ആരാധനയല്ല (CCC 2132).

■

കറുപ്പ്




# ബൈബിൾ പശ്ചാത്തലപഠനം



**ഫാ. രൂപേഷ് മൈക്കിൾ കളത്തിൽ**

**അ**ങ്ങയുടെ വചനങ്ങളുടെ ചുരുളഴിയുമ്പോൾ പ്രകാശം പരക്കുന്നു. എളിയവർക്ക് അത് അറിവുപകരുന്നു (സങ്കീ 119:130). വചനത്തെ മനസ്സിലാക്കുവാനുള്ള മാർഗങ്ങളിൽ ഒന്നാണ് അതിനെ വ്യാഖ്യാനിക്കുക എന്നത്. വ്യാഖ്യാനം അതിന്റെ ആസ്വാദ്യകരമായ ലക്ഷ്യം നേടുന്നത് വചനം നിലകൊള്ളുന്ന ഇടത്തിൽനിന്നും (text) വായനക്കാരന്റെ ഇടത്തിലേക്ക് (context) എത്തുമ്പോഴാണ്. ഈ മട്ടിൽ വചനത്തെ ആസ്വാദ്യകരവും അനുഭവവുമാക്കിത്തീർക്കുവാൻ വേദപുസ്തകത്തിന്റെ ആഴങ്ങളിലേക്ക് സഞ്ചരിക്കണം. അതിനു സഹായിക്കുന്ന കാര്യമാണ് വചനം എഴുതപ്പെട്ടിട്ടുള്ള പശ്ചാത്തലങ്ങളെ പരിചയപ്പെടുക എന്നത്.

മലയാളത്തിൽ ധാരാളം വചനപഠന രചനകളുണ്ട്. ഇവ ഭൂരിഭാഗവും ബന്ധപ്പെട്ടു നിൽക്കുന്നത് വചന വ്യാഖാന മേഖലയിലാണ്. വചനം വ്യാഖ്യാനിക്കുമ്പോൾ, ആ ഭാഗവുമായി (text) ബന്ധപ്പെട്ട പശ്ചാത്തല പഠനം രചയിതാക്കൾ ഉൾപ്പെടുത്താറുണ്ടെങ്കിലും ബൈബിളിന്റെ പശ്ചാത്തലത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു രചന മലയാളത്തിൽ ഇതുവരെ നിർവഹിക്കപ്പെട്ടിട്ടില്ല എന്ന് തോന്നുന്നു. അത്തരമൊരു കുറവ് ഇതാ പരിഹരിക്കപ്പെട്ടിരിക്കുന്നു. അങ്ങനെയുള്ള ഒരു പുസ്തകത്തെയാണ് ഈ മാസം പരിചയപ്പെടുത്തുന്നത്.

യാദൃച്ഛികമായാണ് ഈ പുസ്തകം കണ്ണിൽപ്പെട്ടത്. യൂട്യൂബിൽ കണ്ട ഒരു അഭിമുഖമാണ് ഈ പുസ്തകത്തിലേക്കെത്താൻ വഴി തെളിയിച്ചത്. ആ അഭിമുഖത്തിന്റെ ഇന്റർനെറ്റ് വിവരങ്ങൾ ചേർക്കുന്നു (https://www.youtube.com/watch?v=Mu7mqyirJqE ., 10/05/2005,11:51 AM) ഈ പുസ്തകത്തിന്റെ പേര് **ബൈബിൾ പശ്ചാത്തലപഠനം സുവിശേഷങ്ങൾ** എന്നാണ്. (ഫാ. ജോബിൻ തയ്യിൽ സി.എം.ഐ, കോഴിക്കോട് : സോഫിയ ബുക്ക്സ്, 2025, 2nd edition). മത്തായി മുതൽ യോഹന്നാൻ വരെയുള്ള നാലു സുവിശേഷങ്ങളിലെയും വചനപശ്ചാത്തലത്തെ വളരെ ലളിതമായി പരിചയപെടുത്തുകയാണീ പുസ്തകം. ഉദാഹരണത്തിലൂടെ വ്യക്തമാക്കട്ടെ.


എന്നാൽ, സ്വാതന്ത്ര്യം തിന്മയുടെ ആവരണമാക്കരുത്. മറിച്ച്, ദൈവത്തിന്റെ ദാസരെപ്പോലെ ജീവിക്കുവിൻ.
1 പത്രോസ് 2 : 16

**"അബ്രഹാം ഇസഹാക്കിന്റെ പിതാവായിരുന്നു. ഇസഹാക്ക് യാക്കോബിന്റെയും യാക്കോബ് യൂദയായുടെയും സഹോദരന്മാരുടെയും പിതാവായിരുന്നു"**
(മത്തായി 1 : 2)

എന്തുകൊണ്ടാണ് ഇളയവനായ യൂദായെ ഈശോയുടെ വംശാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്? യാക്കോബിന് ഇഷ്ടക്കുറവുണ്ടായിരുന്ന ലെയയിൽ നാലുപുത്രന്മാർ ജനിച്ചു (Ruben, Simeon, Levi, and Juda). ഇവരിൽ ഏറ്റവും ഇളയവനായിരുന്നു യൂദാ. ഈശോ യൂദായുടെ ഗോത്രത്തിൽപെട്ടവനാണ് (ലൂക്ക 3:33). അതുകൊണ്ടാണ് യൂദായെ ഈശോയുടെ വംശാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏറ്റവും ചെറിയവരെയും അവൻ തന്റെ ശിഷ്യന്മാരായി തിരഞ്ഞെടുക്കും.

ഇങ്ങനെയുള്ള ഒരു രീതിയാണ് എഴുത്തിൽ രചയിതാവ് ആദ്യാന്തം പിന്തുടർന്നിരിക്കുന്നത്. ബൈബിൾ വായിക്കുവാനും പഠിക്കുവാനും ഉത്തേജനം നൽകുക എന്നനിലയിലാണ് ഇതിന്റെ രചനാലക്ഷ്യമെന്നും, അല്ലാതെ ഇതൊരു റഫറൻസ് പുസ്തകമല്ലന്നും ഗ്രന്ഥകർത്താവ് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എഴുത്തുകാരൻ സൂചിപ്പിച്ചിരിക്കുന്നതുപോലെ ബൈബിളിന്റെ വെറുതെ ഒരു വായനയും പഠനവുമല്ല ഈ പുസ്തകത്തിന്റെ സഹായത്താൽ സാധ്യമാകുന്നത്. ബൈബിളിന്റെ സാംസ്കാരിക പശ്ചാത്തലത്തിലൂടെ സുവിശേഷത്തെ മനസിലാക്കാൻ സാധിക്കുന്നു എന്നതാണ് ഈ പുസ്തകത്തിന്റെ മറ്റു ബൈബിൾ പഠനസഹായ പുസ്തകങ്ങളിൽ നിന്നും വേറിട്ടു നിറുത്തുന്നത്.

ആരാധനാ ക്രമങ്ങളിനിന്നും ബൈബിൾ പഠന കോഴ്സുകളിൽനിന്നും ബൈബിൾ കൺവെൻഷനുകളിൽ നിന്നും ധ്യാന കേന്ദ്രങ്ങളിൽ നിന്നും ലോഗോസ് ക്വിസിൽ നിന്നും ബൈബിളിനെ ഇത്രമാത്രം മനസിലാക്കാനും പഠിക്കാനും അവസരം ലഭിച്ച കേരളത്തിലെപ്പോലെ ക്രൈസ്തവ വിശ്വാസികൾ ലോകത്തു മറ്റൊരിടത്തുമുണ്ടെന്നു തോന്നുന്നില്ല. ബൈബിളിനെക്കുറിച്ച് ലഭിച്ചുകൊണ്ടിരിക്കുന്ന അറിവിന്റെ ഈ ലഭ്യത തന്നെയാണ് ഇവിടെയുള്ള ക്രൈസ്തവ വിശ്വാസികൾക്കിടയിൽ ബൈബിളിനെക്കുറിച്ചുള്ള അലംഭാവം കൂടുവാൻ കാരണം. 'ബൈബിൾ പകർത്തിയെഴുതുക' എന്നതാണ് ബൈബിൾ പഠനത്തിൽ നമുക്കിടയിൽ നിൽക്കുന്ന പുതിയ ട്രെന്റ്. ബൈബിൾ പകർത്തിയെഴുതുവാൻ ആളുകളുണ്ട്. എന്നാൽ ബൈബിൾ ജീവിക്കുവാൻ ആളില്ല എന്നതാണ് കേരളസഭ നേരിടുന്ന ദുരന്തം. വചനത്തെ ജീവിതബന്ധിയായി വ്യാഖാനിക്കുന്ന ഈ മട്ടിലുള്ള പുസ്തകങ്ങളിലൂടെ വചനങ്ങളുടെ ചുരുളഴിയട്ടെ. അതുവഴി വായനക്കാരന്റെ മനസ്സിൽ പ്രകാശം പരക്കട്ടെയെന്നും പ്രത്യാശിക്കാം. ■

## പെസഹാ വ്യാഴാഴ്ചയിലെ പ്രീസ്റ്റ് സൊസൈറ്റിയിലേക്കുള്ള പ്രത്യേക പിരിവ്

| | |
|---|---|
| 1. Holy Family Church, Munambam - | 14,500 |
| 2. St. Thomas Church, Azhicode - | 20,000 |
| 3. St. Antony's Shrine, Chettikad - | 25,000 |
| 4. St. Antony's Church, Pullut - | 10,000 |

## ഫാമിലി അപ്പസ്തോലേറ്റിന്റെ ആഗസ്റ്റ് മാസത്തെ പരിപാടികൾ

**08, 09 & 10 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ്**

10–ാം തീയതി വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവരുടെ മാതാപിതാക്കൾക്കുള്ള സെമിനാർ ( 2pm - 4 pm)

കത്തോലിക്കാ സഭയെ
അറിയാം... പഠിക്കാം...



# പേപ്പൽ റ്റിയാറയും പാലിയവും



അനി ജോസഫ്, കൂട്ടുകാട്

**ക**ത്തോലിക്ക സഭയിൽ പാപ്പമാർ തങ്ങളുടെ സ്ഥാനാരോഹണ സമയത്ത് അണിഞ്ഞിരുന്ന കിരീടമാണ് റ്റിയാറ എന്നറിയപ്പെടുന്നത്. മുൻ പാരമ്പര്യങ്ങളിൽ പാപ്പമാർ സ്ഥാനാരോഹണം ചെയ്ത ശേഷം നടത്തപ്പെടുന്ന പൊന്തിഫിക്കൽ കുർബാനയ്ക്കു ശേഷമാണ് റ്റിയാറ (കിരീടം) ധരിപ്പിക്കുന്നത്. ഇതിന്റെ ഓരോ തട്ടും ഓരോ ആശയങ്ങളെയാണ് സൂചിപ്പിക്കുന്നത്. സന്യാസത്തിന്റെ പൂർണ്ണത, പാപ്പയുടെ ഭൗതിക അധികാരം, പാപ്പയുടെ നീതിന്യായ പരിപാലനം തുടങ്ങിയവയാണ് അവ. വെള്ളിയിൽ പണിതിരിക്കുന്ന ഇവയിൽ സ്വർണ അലങ്കാരങ്ങളും മുകളിലായി ഒരു കുരിശും ഉണ്ടാകും. വത്തിക്കാൻ മുദ്രയിലെ താക്കോലുകളുടെ നടുക്കായി കാണുന്നത് റ്റിയാറയുടെ രൂപം ആണ്. മുൻകാലങ്ങളിൽ ചില രാജാക്കന്മാരും ഉന്നത വ്യക്തികളും വിലകൂടിയ രത്നങ്ങൾ പതിച്ച റ്റിയാറകൾ പാപ്പമാർക്ക് സമ്മാനമായി നൽകിയിരുന്നു. ബെനഡിക് പതിനഞ്ചാമൻ പാപ്പ തന്റെ റ്റിയാറയിലെ രത്നങ്ങൾ വിറ്റ് ഒന്നാം ലോകമഹായുദ്ധകാലത്ത് ദുരിതമനുഭവിക്കുന്നവരെ സഹായിച്ചു. അവസാനമായി റ്റിയാറ ധരിച്ചത് പോൾ ആറാമൻ പാപ്പയാണ്. റ്റിയാറ ധാരണ ചടങ്ങിനു ശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് ശേഖരിക്കുവാനായി പോൾ ആറാമൻ പാപ്പ തന്റെ റ്റിയാറ ലേലത്തിന് വയ്ക്കുകയും അതിൽ നിന്ന് ലഭിച്ച തുക കാരുണ്യ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്തു. തുടർന്ന് വന്ന പാപ്പമാർ പോൾ ആറാമൻ പാപ്പയുടെ പാത പിന്തുടർന്ന് റ്റിയാറ ഒഴിവാക്കുകയായിരുന്നു.

ഈശോ പത്രോസിന് നൽകിയ അജപാലനാധികാരത്തെ സൂചിപ്പിക്കുന്ന സ്ഥാനിക വസ്ത്രമാണ് പാലിയം. ഏകദേശം രണ്ടര ഇഞ്ച് വീതിയിൽ കഴുത്തിനു ചുറ്റുമായി ധരിക്കുന്ന വസ്ത്രമാണിത്. ചെമ്മരിയാടിന്റെ രോമങ്ങൾ ഇടകലർത്തി നെയ്യുന്ന വെള്ള കമ്പിളിയാണിത്. സ്പെയിനിലെ വലൻസിയായിൽ പ്രത്യേകമായി വളർത്തുന്ന വെള്ള ചെമ്മരിയാടിന്റെ രോമം ഇതിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു. പുതിയതായി നിയമിതരാവുന്ന ആർച്ച് ബിഷപ്പ്മാർക്ക് നൽകുവാനുള്ള പാലിയം വിശുദ്ധ ആഗ്നസിന്റെ തിരുനാൾ ദിനത്തിൽ പാപ്പ ആശിർവദിക്കുന്നു. മെത്രാപ്പോലീത്തമാർ കഴുത്തിൽ അണിയുന്ന ഈ സ്ഥാനിക വസ്ത്രത്തിൽ ചുവന്ന നിറത്തിലുള്ള ആറു കുരിശുകൾ ആലേഖനം ചെയ്തിരിക്കുന്നു.

ഇടയൻ തന്റെ ആടിനെ കഴുത്തിൽ വഹിക്കുന്നതിന്റെ പ്രതീകമാണ് കഴുത്തിന് ചുറ്റുമായി ധരിക്കുന്ന ഈ പാലിയം. പാലിയത്തിന്റെ ഉപയോഗം പോപ്പിനും ആർച്ച് ബിഷപ്പുമാർക്കും മാത്രമായി നിക്ഷിപ്തമാണ്. എന്നാൽ പോപ്പ് പാലിയം നൽകിയാൽ മാത്രമേ ആർച്ച് ബിഷപ്പുമാർക്ക് ഇത് ഉപയോഗിക്കാൻ കഴിയൂ. സാധാരണയായി ജൂൺ 29 വിശുദ്ധ പത്രോസിന്റെയും വിശുദ്ധ പൗലോസിന്റെയും തിരുനാൾ ആഘോഷവേളയിൽ ആർച്ച് ബിഷപ്പുമാർക്ക് പാപ്പ ഈ സ്ഥാനിക വസ്ത്രം നൽകുന്നു. ആദ്യ നൂറ്റാണ്ടുകളിൽ പാപ്പമാർ പാലിയമാണ് അണിഞ്ഞിരുന്നത്. പിന്നീട് ആ സ്ഥാനത്ത് റ്റിയാറ വരികയുണ്ടായി. എന്നാൽ പോൾ ആറാമന് ശേഷം വന്ന ജോൺപോൾ ഒന്നാമന്റെ കാലം മുതൽ പാലിയം തന്നെ സ്വീകരിക്കുന്ന ചടങ്ങ് സഭയിൽ പുനസ്ഥാപിക്കപ്പെട്ടു. പാപ്പമാർ ധരിക്കുന്ന പാലിയം പൊന്തിഫിക്കൽ അധികാരത്തിന്റെ സമഗ്രതയെ വെളിവാക്കുന്നു. ആർച്ച് ബിഷപ്പുമാർ ധരിക്കുന്ന പാലിയം പോപ്പിന്റെ പരമോന്നത പാസ്റ്ററൽ അധികാരത്തിലുള്ള മെത്രാപ്പോലീത്തമാരുടെ പങ്കാളിത്തത്തെയാണ് സൂചിപ്പിക്കുന്നത്. ■

## നിലാവഞ്ചി തുഴഞ്ഞുനീങ്ങുംപോൽ




**ജിൻസ മൈക്കിൾ**
പള്ളിപ്പുറം


**നാ**വിലലിഞ്ഞിറങ്ങിയൊരപ്പമേ
നറുവെൺമയായ് നീയെൻ ഉള്ളം മാറ്റി
നിർവീര്യമാക്കി അശുദ്ധികളെയെല്ലാം
നീചരും നിൻ മക്കളാണെന്നു ചൊല്ലി

നിനയ്ക്കാത്ത നേരമെന്നുമെന്നും
നീയെൻ ചാരെ അണഞ്ഞു വഴിനടത്തി
നിൻ വചനമധു പകർന്നു നാവിൽ
നിൻ ചുടുനിണത്താൽ എന്നെ തഴുകി

നീലാകാശ ചേലചുറ്റി പ്രഭയോടെ
നദിയിൻ ഓളത്തെ മെല്ലെ തലോടി
നിലാവഞ്ചി തുഴഞ്ഞു നീങ്ങുംപോൽ
നിർമ്മല കന്യക എൻ ചാരെയണഞ്ഞു

നവമൊരു പുലരിയിതാ വിടർന്നുയർന്നു
നിറകണ്ണുകളിൽ സഹസ്രമായെൻ അംബികേ
നിൻ എളിമയാൽ ഉരുവായൊരു തിരുക്കുടുംബം
നിത്യതയിൽ മാനവർക്കെന്നും ആത്മമന്ത്രം



# സമ്പാളൂർ വി. ഫ്രാൻസിസ് സേവ്യർ തീർത്ഥാടന ദേവാലയത്തിന്റെ ഭാഗമായ പമ്പുതറയിലെ വി. ഫ്രാൻസിസ് സേവിയറിന്റെ നാമധേയത്തിലുള്ള കപ്പേള



കൊടുങ്ങല്ലൂർ - കോട്ടപ്പുറം രൂപതയിലെ പ്രശസ്തമായ സമ്പാളൂർ വി. ഫ്രാൻസിസ് സേവ്യർ തീർത്ഥാടന ദേവാലയത്തിന്റെ ഭാഗമായ പമ്പുതറ കപ്പേളയുടെ ആശീർവാദവും ദിവ്യബലിയുമടങ്ങിയ കർമ്മങ്ങൾ 2025 ജൂൺ 26-ാം തീയതി വ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് നടന്നു. ചടങ്ങുകൾക്ക് കോട്ടപ്പുറം രൂപതാ മെത്രാൻ റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻവീട്ടിൽ മുഖ്യ കാർമികത്വം വഹിച്ചു.

2025 ജനുവരി 25-ന് നടന്ന ശിലാസ്ഥാപന കർമ്മത്തിന് നേതൃത്വം നൽകിയതും, തുടർന്ന് കപ്പേളയുടെ നിർമാണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയതും സമ്പാളൂർ ഇടവക വികാരി റവ. ഡോ. ജോൺസൺ പങ്കേത്തിന്റെ നേതൃത്വത്തിലായിരുന്നു. കപ്പേളയുടെ നിർമ്മാണം ജാതിമതഭേദമന്യേ ഗ്രാമവാസികളുടെ ശ്രമദാനവും, നിരവധി ദാതാക്കളുടെ ധനസഹായവുമാണ് സാദ്ധ്യമാക്കിയത്.





# അയൽക്കൂട്ടം

ഹെബ്രാ. 10:23-25

# തിരുസഭ : കുടുംബങ്ങളുടെ കുടുംബം

ഫാ. ആന്റെൺ ജോസഫ് ഇലഞ്ഞിക്കൽ

**കു**ടുംബങ്ങൾ ഗാർഹിക സഭയാണ് (ജനതകളുടെ പ്രകാശം 11) എന്ന വിഖ്യാതമായ രണ്ടാം വത്തിക്കാൻ സുനഹദോസിന്റെ പ്രബോധനം പുതിയകാലത്തിൽ സഭ നേരിടുന്ന പ്രതിസന്ധികളുടെമധ്യേ ആഴത്തിൽ ധ്യാനിക്കേണ്ട ഒരു ബോധ്യമാണ്. വിശ്വാസ ബോധ്യങ്ങളിൽ പിന്നാക്കം പോകുന്ന, വെറുപ്പിന്റെ പ്രത്യയശാസ്ത്രങ്ങളോട് മമത പുലർത്തുന്ന ഒരു ലോകത്തിന്റെ തിരുത്തൽ ശക്തിയാക്കേണ്ട തിരുസഭ തന്റെ ശുശ്രൂഷകളുടെ കേന്ദ്രമായി കാണുന്നത് കുടുംബങ്ങളെയാണ്. കുടുംബങ്ങൾ സഭയുടെ ഈ നവീകരണ പരിശ്രമങ്ങളുടെ ഏറ്റവും പ്രധാന കേന്ദ്രമാണ്. അതുകൊണ്ടാണ് ഫ്രാൻസിസ് പാപ്പ 'കുടുംബം ഒരു പ്രശ്നമല്ല മറിച്ച് പ്രഥമവും പ്രധാനവുമായ ഒരു അനുകൂല അവസരമാണ്' (സ്നേഹത്തിന്റെ സന്തോഷം 7) എന്ന് തന്റെ പ്രബോധനത്തിൽ പഠിപ്പിച്ചത്.

## ക്രൈസ്തവ ആത്മീയത: കൂട്ടായ്മയുടെ സാക്ഷ്യം

ക്രൈസ്തവ ആത്മീയതയുടെ സാമൂഹ്യമാനത്തെ വിശുദ്ധ പൗലോസ് ശ്ലീഹാ ഹെബ്രായർക്ക് എഴുതിയ ലേഖനം പത്താം അധ്യായത്തിൽ അടിവരയിടുന്നുണ്ട്. 'നമ്മോട് വാഗ്ദാനം ചെയ്തിരിക്കുന്നവൻ വിശ്വസ്തനാകയാൽ, നമ്മുടെ പ്രത്യാശ ഏറ്റുപറയുന്നതിൽ നാം സ്ഥിരതയുള്ളവരായിരിക്കണം... കൂടുതൽ പ്രോത്സാഹിപ്പിക്കുകയും വേണം' (ഹെബ്ര 10: 23-25). ഈശോയുടെ ബലിയിലൂടെ സാധ്യമായ സ്വാതന്ത്ര്യത്തിൽ ജീവിക്കുന്നതിനെ ഒരു കൂട്ടായ്മയുടെ സാക്ഷ്യമായിട്ടാണ് വചനം ഇവിടെ സാക്ഷ്യപ്പെടുത്തുന്നത്. അത് കേവലം വ്യക്തിപരമായ ഒരു വിഷയമല്ല മറിച്ച് ഒരു സമൂഹത്തിന്റെ തന്നെ വിഷയമാണ്. പുതിയ കാലത്തിന്റെ രീതികളുടെ മുൻപിൽ വലിയ തിരുത്തൽ ശക്തിയാകുവാൻ ഈ ബോധ്യത്തിന് കഴിയും. കാരണം സ്വകാര്യതയുടെ അതിർത്തികൾക്ക് അകത്ത് തളച്ചിടേണ്ട ഒന്നല്ല വിശ്വാസ ബോധ്യം, മറിച്ച് അനേകരുടെ ജീവിതവഴികളിൽ പ്രതീക്ഷയുടെ പുതിയ വെളിച്ചമായി മാറുവാൻ പ്രഘോഷിക്കപ്പെടേണ്ടതാണ്.

## കുടുംബങ്ങളുടെ ആത്മീയത

എല്ലാ നവീകരണങ്ങളുടെയും ആരംഭം കുടുംബങ്ങളിൽ നിന്ന് ആകണമെന്ന് സന്ദേശം തിരുസഭ എല്ലാ കാലത്തും ഉയർത്തിപ്പിടിച്ചിട്ടുള്ള ഒരു ബോധ്യമാണ്. 'ഗാർഹിക്' എന്ന ആശയം തന്നെ വിശ്വാസ രൂപീകരണത്തിലും നവീകരണത്തിലുമുള്ള കുടുംബത്തിന്റെ പ്രാധാന്യത്തെ ഊന്നിപ്പറയുന്ന ഒന്നാണ്. അപ്രകാരമുള്ള ഒരു ജീവിതത്തിന്റെ മാതൃക നസ്രത്തിലെ തിരുകുടുംബമാണ്. ദൈവ ഇഷ്ടത്തിന് പരിപൂർണ്ണമായി വിധേയപ്പെട്ട് മുന്നോട്ടുപോകുന്ന ഒരു കുടുംബമെന്നതാണ് അതിനെ

വ്യത്യസ്തമാക്കുന്നത്. കുടുംബത്തിന്റെ അടിസ്ഥാനപരമായ ഈ പങ്കിനെ ഗൗരവത്തിൽ എടുത്തുകൊണ്ട് മാത്രമേ നവീകരണ പരിശ്രമങ്ങൾക്ക് മുന്നോട്ടു പോകുവാൻ ആവുകയുള്ളൂ.

നല്ല മാതൃകകൾ ലഭിക്കുന്നയിടങ്ങളാണോ നമ്മുടെ ഭവനങ്ങൾ എന്ന് നാം അന്വേഷിക്കേണ്ട സമയമാണ്. എല്ലാദിവസവും വിശുദ്ധ കുർബാന അർപ്പിക്കുന്ന, കൂദാശകൾ അനുഷ്ഠിക്കുന്ന, കുടുംബ പ്രാർത്ഥന അർപ്പിക്കുന്ന മാതാപിതാക്കന്മാരും മക്കളും ഉള്ള ഇടങ്ങൾ ആണോ നമ്മുടെ കുടുംബങ്ങൾ. അത്തരം മാതൃകകളിൽ ഉണ്ടായ ഗണ്യമായ ഇടിവ് തന്നെയാണ് നമ്മുടെ സമൂഹം ഇന്ന് നേരിടുന്ന മൂല്യ പ്രതിസന്ധികളുടെ അടിസ്ഥാന കാരണങ്ങളിൽ ഒന്ന്. എന്തിനേറെ പറയുന്നു കുടുംബജീവിതം എന്ന ആശയത്തെ തന്നെ വികലമായ അവതരിപ്പിക്കുവാനുള്ള ആസൂത്രിത ശ്രമങ്ങൾ നമ്മുടെ സാമൂഹ്യ ജീവിതത്തിന്റെ പരിസരങ്ങളിൽ ഉണ്ട്. കുടുംബജീവിതത്തെയും വിവാഹത്തെയും ഒക്കെ ഒരു ബാധ്യതയായി ചിത്രീകരിക്കുവാനുള്ള പുതിയ കാലത്തിലെ മാധ്യമ ആഖ്യാനങ്ങളുടെ പരിശ്രമങ്ങളെ അത്ര നിസ്സാരവും നിഷ്കളങ്കവുമായി കാണാതിരിക്കാനുള്ള ജാഗ്രത നാം പുലർത്തണം. മനുഷ്യനെ വ്യക്തിയെന്ന ഒരേയൊരു മാനത്തിലേക്കും ബോധത്തിലേക്കും ചുരുക്കുമ്പോൾ നമുക്ക് നഷ്ടപ്പെട്ടു പോകുന്നത് കുടുംബങ്ങൾ പങ്കുവെച്ച് മൂല്യബോധത്തിന്റെയും വിശ്വാസ ബോധ്യങ്ങളുടെയും സ്രോതസ്സുകളാണ്.

## സഭ കുടുംബങ്ങളുടെ കൂട്ടായ്മയാണ്

തിരുസഭ എന്നാൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമെന്നാണ് പൊതുവിൽ നാം പറയുന്നത്. കൂട്ടായ്മയുടെ അടിസ്ഥാന സ്വഭാവത്തിൽ നിന്ന് വ്യതിരിക്തമായി സഭയുടെ ഒരു ശുശ്രൂഷകളെയും നമുക്ക് സങ്കൽപ്പിക്കാൻ ആവില്ല. സഭയുടെ വിശ്വാസ ജീവിതത്തിന്റെ ഭാഗമായ ആരാധനാക്രമവും, മൂല്യ സങ്കല്പങ്ങളും ഒക്കെ കൂട്ടായ്മയുടെ പ്രാധാന്യത്തെ ഊന്നിപ്പറയുന്നതാണ്. നമ്മുടെ വിശ്വാസ ജീവിതത്തിന്റെ അടിസ്ഥാന ഇടങ്ങൾ തന്നെയാണ് നമ്മുടെ വിശ്വാസ കൂട്ടായ്മകളും. ക്രൈസ്തവ വിശ്വാസത്തിന്റെ പ്രഘോഷണവും സുവിശേഷ അധിഷ്ഠിതമായ ഒരു ജീവിത ക്രമത്തെ സാധ്യമാക്കുവാനും നമ്മുടെ കൂട്ടായ്മകൾക്ക് സാധിക്കണം. ജീവിതത്തിന്റെ പ്രതിസന്ധികളുടെ വഴികളിൽ ഒറ്റപ്പെട്ടു പോകുന്നവരെ ചേർത്തുനിർത്തുവാൻ സാധിക്കുന്ന അഭയ ഇടങ്ങളായി ക്രൈസ്തവ കൂട്ടായ്മകൾ മാറുകയും നിലനിൽക്കുകയും വേണം. നമ്മുടെ വിശ്വാസത്തിന്റെ യഥാർത്ഥമായ സാക്ഷ്യവും കൂട്ടായ്മയുടെ ഈ സുവിശേഷത്തിലൂടെയാണ് സാധ്യമാവുക. വേർപിരിഞ്ഞു നിൽക്കുന്ന തുരുത്തുകളായി മുന്നോട്ടുപോകുമ്പോൾ കൂട്ടായ്മയുടെ ഈ സാക്ഷ്യ ജീവിതസാധ്യതകൾ ആണ് നമ്മുടെ മുൻപിൽ നഷ്ടപ്പെട്ടു പോകുന്നത്. ഹെബ്രായർ എഴുതിയ ലേഖനത്തിൽ പൗലോസ് ശ്ലീഹ പങ്കുവെക്കുന്ന കൂട്ടായ്മയുടെ സന്ദേശം നമ്മുടെ കുടുംബങ്ങളിലും സഭാകൂട്ടായ്മകളിലും ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

**പ്രവർത്തനത്തിന്**

1. ***വിശ്വാസ മാതൃകയിൽ വളരുന്നതിന് കുടുംബങ്ങളെ ശക്തമാക്കുവാൻ സാധിക്കുന്ന ജീവിതരീതികൾ പരിശീലിക്കുക. (ദിവസേനയുള്ള വിശുദ്ധ കുർബാനയർപ്പണം, കുടുംബ പ്രാർത്ഥന, കാരുണ്യ പ്രവർത്തികൾ മുതലായവ)***

**ചർച്ചയ്ക്ക് :**

1. ***നമ്മുടെ കുടുംബങ്ങൾ ഇന്ന് നേരിടുന്ന വിശ്വാസ പ്രതിസന്ധിയുടെ കാരണങ്ങൾ എന്തൊക്കെയാണ്?***
2. ***എന്തെല്ലാം പരിഹാരങ്ങളാണ് കുടുംബങ്ങളെയും കുടുംബ കൂട്ടായ്മകളെയും ശക്തമാക്കുവാൻ നമുക്ക് ചെയ്യുവാൻ സാധിക്കുക?***



നിങ്ങൾ പാപത്തിൽനിന്നു മോചിതരായി ദൈവത്തിന് അടിമകളായിരിക്കുകയാൽ
നിങ്ങൾക്കു ലഭിക്കുന്നതു വിശുദ്ധീകരണവും അതിന്റെ അവസാനം നിത്യജീവനുമാണ്.
പാപത്തിന്റെ വേതനം മരണമാണ്.
റോമാ 6 : 22

# രൂപത വാർത്തകൾ

## കോട്ടപ്പുറം രൂപതാദിനാഘോഷവും ഊട്ടുതിരുനാളും പ്രൗഢഗംഭീരമായി



കോട്ടപ്പുറം മാർക്കറ്റിലെ പുരാതനമായ വിശുദ്ധ തോമ ശ്ലീഹയാൽ സ്ഥാപിതമായെന്നു വിശ്വസിക്കുന്ന മുസിരിസ് സെന്റ് തോമസ് കപ്പേളയിൽ നടന്ന വിശുദ്ധ തോമസിന്റെ തിരുനാളും കോട്ടപ്പുറം രൂപതാദിനാഘോഷവും പ്രൗഢഗംഭീരമായി. ഇതോടനുബന്ധിച്ച് മുസിരിസ് സെന്റ് തോമസ് കപ്പേളയിൽ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിലിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും വചനപ്രഘോഷണവും നടന്നു. രൂപതയിലെ വൈദീകരും സന്യസ്ത വൈദീകരും ദിവ്യബലിയിൽ സഹകാർമ്മികരായി. കോട്ടപ്പുറം രൂപത വാർഷിക പദ്ധതിയുടെയും യുവജന കൂട്ടായ്മയുടെ നേതൃത്വത്തിലുള്ള ക്രിസ് ബാന്റിന്റെ കവർ സോങ്ങിന്റെയും പ്രകാശനവും ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനവും നടന്നു. ഊട്ടുനേർച്ച ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ ആശീർവ്വദിച്ചു. ആയിരങ്ങൾ ഊട്ടുനേർച്ചയിൽ പങ്കെടുത്തു. തിരുകർമ്മങ്ങൾക്ക് മുന്നോടിയായി കോട്ടപ്പുറം സെന്റ് മൈക്കിൾസ് എൽപി സ്കൂളിൽ നിന്ന് കോട്ടപ്പുറം മുസിരിസ് സെന്റ് തോമസ് കപ്പേളയിലേക്ക് നടന്ന പ്രവേശന പ്രദക്ഷിണത്തിൽ ബിഷപ്പ് ഡോ. അംബ്രോസ് പുത്തൻവീട്ടിലിനൊപ്പം രൂപത, ഇടവക, സന്യസ്ത പ്രതിനിധികളും രൂപതയിലെ വൈദീകരും അണിനിരന്നു. 1987 ജൂലൈ മൂന്നിന് തോമശ്ലീഹയുടെ രക്തസാക്ഷിത്വതിരുനാൾ ദിനത്തിലാണ് 'ക്വോ ആപ്തിയൂസ്' എന്ന ജോൺ പോൾ രണ്ടാമൻ പാപ്പയുടെ തിരുവെഴുത്തു വഴി കോട്ടപ്പുറം രൂപത സ്ഥാപിതമാകുന്നതും 'റൊമാനി എത്ത് പൊന്തിഫിച്ചിസ്' എന്ന അപ്പസ്തോലിക എഴുത്തു വഴി മോൺ. ഫ്രാൻസിസ് കല്ലറക്കൽ രൂപതയുടെ പ്രഥമ മെത്രാനായി നിയമിതനാകുന്നതും. കോട്ടപ്പുറം രൂപതയുടെ മദ്ധ്യസ്ഥൻ വിശുദ്ധ തോമസ് അപ്പോസ്തലനാണ്.

---

## പറവൂർ ഡോൺ ബോസ്കോ ആശുപത്രിയിൽ ഡോക്ടേഴ്സ് ദിനം ആചരിച്ചു.



ദേശീയ ഡോക്ടേഴ്സ് ദിനത്തോടനുബന്ധിച്ച് ആശുപത്രിയിൽ സംഘടിപ്പിച്ച ആഘോഷ പരിപാടികൾ മെഡിക്കൽ സൂപ്രണ്ട് ഡോ. പി.കെ. കുഞ്ചെറിയ ഉദ്ഘാടനം ചെയ്യപ്പെടുന്നു. മരിയ തെരേസ സ്ക്രില്ലി പബ്ലിക് സ്കൂളിൽ നിന്നും വന്ന കുരുന്നുകൾ അവർ സ്വന്തമായി നിർമ്മിച്ച കാർഡുകൾ നൽകി ഡോക്ടർമാരെ ആശംസിച്ചത് ചടങ്ങിന് മാറ്റുകൂട്ടി.

## കോട്ടപ്പുറം രൂപത സാമൂഹ്യശുശ്രൂഷ സമിതി സംഗമം



കോട്ടപ്പുറം രൂപതയുടെ സാമൂഹ്യ ശുശ്രൂഷ സമിതികളെ കൂടുതൽ ശക്തിപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കോട്ടപ്പുറം കിഡ്സിൽ വെച്ച് സാമൂഹ്യശുശ്രൂഷ സമിതി കൺവീനർമാർക്കായി സെമിനാറ് സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം കോട്ടപ്പുറം രൂപത ബിഷപ്പ് റൈറ്റ് റവ. ഡോ. അംബ്രോസ് പുത്തൻ വീട്ടിൽ നിർവ്വഹിച്ചു. കിഡ്സ് ഡയറക്ടർ റവ. ഫാ. നിമേഷ് അഗസ്റ്റിൻ കാട്ടാശ്ശേരി അദ്ധ്യക്ഷനായിരുന്ന യോഗത്തിൽ അഡ്വ. ഷെറി തോമസ് സെമിനാറിന് നേതൃത്വം നൽകി. വിവിധ ഇടവകകളിൽ നിന്നുമായി സാമൂഹ്യ ശുശ്രൂഷ സമിതി കൺവീനർമാരും കിഡ്സ് ആനിമേറ്ററസും, സ്റ്റാഫും സെമിനാറിൽ പങ്കെടുത്തു.

## കോട്ടപ്പുറം രൂപത കെ സി എസ് എൽ ഉദ്ഘാടനം



കോട്ടപ്പുറം രൂപത കേരള കത്തോലിക്ക സ്റ്റുഡൻസ് ലീഗ് പ്രവർത്തനവർഷ ഉദ്ഘാടനം കോട്ടപ്പുറം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. കോട്ടപ്പുറം രൂപത ബിഷപ്പ് അംബ്രോസ് പുത്തൻവീട്ടിൽ ഈ അധ്യയനവർഷത്തെ കെ സി എസ് എൽ പ്രവർത്തനങ്ങൾ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. കോട്ടപ്പുറം രൂപത കെ സി.എസ്.എൽ ഡയറക്ടർ ഫാ. സിബിൻ ഫ്രാൻസിസ് കല്ലറയ്ക്കൽ, അധ്യക്ഷ ആൻസലീന ആൻസൺ എന്നിവർ ഏവർക്കും ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കോട്ടപ്പുറം രൂപത കെ സി എസ് എൽ ജനറൽ ഓർഗനൈസർ സിസ്റ്റർ ജോബി സി.ടി.സി. ഈ അധ്യയന വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് സംസാരിച്ചു.

## യൂക്യാറ്റ് ക്വിസ് 2025



"സഭയെ അറിയാൻ വിശ്വാസത്തിൽ ജീവിക്കാൻ" എന്ന ലക്ഷ്യം വെച്ച് കെ.സി.വൈ.എം കോട്ടപ്പുറം രൂപത സമിതി യുവജനങ്ങൾക്കായി ഫാ. ജേക്കബ് കോണത്ത് മെമ്മോറിയലിന്റെ പേരിൽ ഏർപ്പെടുത്തിയ യൂക്യാറ്റ് ക്വിസ് 2025 കോട്ടപ്പുറം സെന്റ് മൈക്കിൾസ് എൽ.പി സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. ആകെ 17 ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്. മത്സരത്തിനൊടുവിൽ പള്ളിപ്പുറം മഞ്ഞുമാതാ ബസിലിക്ക കെ.സി.വൈ.എം യൂണിറ്റ് ചാമ്പ്യന്മാരായി. എറിയാട് ഫാത്തിമ മാതാ കെ.സി.വൈ.എം യൂണിറ്റ് രണ്ടാം സ്ഥാനവും, ചെട്ടിക്കാട് സെന്റ് ആന്റണീസ് കെ.സി.വൈ.എം യൂണിറ്റ് മൂന്നാം സ്ഥാനം നേടി. KRLCBC യൂത്ത് കമ്മീഷൻ അസോസിയേറ്റ് സെക്രട്ടറി അനി ജോസഫ് സാർ ആയിരുന്നു ക്വിസ് മാസ്റ്റർ.

## തുരുത്തിപ്പുറം ജപമാല രാജ്ഞി ദൈവാലയം :
## യുവജന ദിനത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ്

2025 ജൂലൈ 13 ഞായറാഴ്ച തുരുത്തിപ്പുറം ജപമാല രാജ്ഞി ദൈവാലയത്തിൽ, KCYM യുവജന ദിനാഘോഷങ്ങളോടു അനുബന്ധിച്ച് നടത്തപ്പെട്ട സൗജന്യമെഡിക്കൽ ക്യാമ്പ് വികാരി ഫാ. ജോജോ പയ്യപ്പിള്ളി ഉദ്ഘാടനം നിർവഹിക്കുന്നു. ജപമാല രാജ്ഞി KCYM യൂണിറ്റ് പ്രസിഡന്റ് ജെസ്മോൻ ലോറൻസ് അധ്യക്ഷനായിരുന്നു. കേൾവി സംബന്ധമായ പ്രശ്നങ്ങൾ അനുഭവിക്കുന്നവർക്കും ശ്വസന സംബന്ധമായ (മൂക്കടപ്പ്, മൂക്കിലെ ദശ, കൂർക്കം വലി, ശബ്ദ വ്യത്യാസം, കഴുത്തിലെ മുഴകൾ എന്നിവ) ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കും വേണ്ടിയാണ് ഈ ക്യാമ്പ് സംഘടിപ്പിച്ചത്. ഡോ. ഹരീഷ് (പ്രശോബ് ENT സെന്റർ, മൂത്തകുന്നം) ആണ് മെഡിക്കൽ ക്യാമ്പ് നടത്തിയത്.




## അന്റോണിയൻ സായംപ്രഭാ സംഗമം

മാളപള്ളിപ്പുറം സെന്റ് ആന്റണീസ് തീർത്ഥാടന കേന്ദ്രത്തിൽ മുതിർന്ന പൗരന്മാരുടെ സംഗമവും ഗ്രാന്റ് പാരന്റ്സ് ഡേയും അന്റോണിയൻ സായംപ്രഭാ സംഗമം എന്ന പേരിൽ വിപുലമായി ആഘോഷിച്ചു. രാവിലെ കുമ്പസാരം, ദിവ്യബലി എന്നിവയ്ക്കു ശേഷം മുതിർന്ന പൗരൻമാരെ ഉപഹാരം നൽകി വികാരി ഫാ. പോൾ തോമാസ് കളത്തിൽ ആദരിച്ചു. മുതിർന്ന പൗരന്മാരുടെ കൂടെ പേരക്കുട്ടികളുടെയും സാന്നിദ്ധ്യം സംഗമത്തിന്റെ പ്രത്യേകതയായിരുന്നു. കോട്ടപ്പുറം രൂപതാ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. പ്രവീൺ കുരിശിങ്കൽ, കിഡ്സ് അസി. ഡയറക്ടർ ഫാ. ബിയോൺ തോമാസ് കോണത്ത് എന്നിവർ ആശംസ നേർന്ന് സംസാരിച്ചു. തുടർന്ന്, മുതിർന്ന പൗരന്മാരുടെയും കുട്ടികളുടെയും വിവിധ കലാ, വിനോദ പരിപാടികളുമുണ്ടായിരുന്നു. സ്നേഹവിരുന്നോടെ സംഗമം സമാപിച്ചു.





KCBC ബൈബിൾ കമ്മീഷന്റെയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച ബൈബിൾ പുതിയ നിയമം പകർത്തിയെഴുത്തു മത്സരത്തിൽ കോട്ടപ്പുറം രൂപതയിൽ നിന്നും സംസ്ഥാനതലത്തിൽ സമ്മാനാർഹരായവർ ബൈബിൾ കമ്മീഷൻ ചെയർമാൻ അഭിവന്ദ്യ ജെയിംസ് റാഫേൽ ആനാപ്പറമ്പിൽ പിതാവിൽ നിന്നും സമ്മാന ങ്ങൾ ഏറ്റുവാങ്ങുന്നു. കോട്ടപ്പുറം രൂപത ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ടോണി ജേക്കബ് കൈതത്തറ സമീപം.

## സാൻജോ മീറ്റ്

കോട്ടപ്പുറം രൂപതയിലെ ദമ്പതികൾക്ക് വേണ്ടി നടത്തുന്ന സാൻജോ മീറ്റ് (ട്രെയിനിങ് പ്രോഗ്രാം) കുറ്റിക്കാട് സെന്റ് ആന്റണീസ് ദൈവാലയം, മടപ്ലാതുരുത്ത് സെന്റ് ജോർജ് ദൈവാലയം എന്നിവിടങ്ങളിൽ നടത്തപ്പെട്ടു.





## ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ യുവജന സംഗമം

ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ദേവാ ലയത്തിലെ കെസിവൈഎം, യുവജന സമിതി എന്നിവയുടെ സംയുക്താഭിമുഖ്യ ത്തിൽ യുവജന സംഗമം പ്രശസ്ത എഴു ത്തുകാരൻ ജോയ് ഗോതുരുത്ത് ഉദ്ഘാടനം ചെയ്തു.



## കേരള ഫിഷറീസ് ഡിപ്പാർട്ട്മെൻറും കിഡ്സും ചേർന്ന് സംരംഭകത്വ പരിശീലനം നൽകി.

കോട്ടപ്പുറം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ്), കേരള സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് വിവിധ സംരംഭകത്വം മേഖലയിൽ സ്ത്രീ കൾക്ക് പരിശീലനം നൽകുന്നതിനായി ഒരു ഏകദിന പ്രോഗ്രാം കിഡ്സ് ക്യാമ്പസിൽ വെച്ച് സംഘടിപ്പിച്ചു. കോട്ടപ്പുറം രൂപത വികാർ ജനറൽ മോൺ. റോക്കി റോബിൻ കളത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു.





നൻമ ചെയ്യുന്നതിലും നിങ്ങൾക്കുള്ളവ പങ്കുവയ്ക്കുന്നതിലും ഉപേക്ഷ വരുത്തരുത്.
അത്തരം ബലികൾ ദൈവത്തിനു പ്രീതികരമാണ്.

ഹെബ്രായർ 13 : 16

## വിശ്വാസ പരിശീലന അറിയിപ്പുകൾ

**2025 ആഗസ്റ്റ് 17, ഞായർ** സ്വർഗീയ സംഗീത സംഗമം (സെക്ഷൻ A & B) - രൂപതാതലം

## ലീഡേഴ്സ് മീറ്റ് & പി.ടി.എ സെമിനാർ

ഓരോ വിശ്വാസ പരിശീലന യൂണിറ്റുകളിലെയും സ്കൂൾ ലീഡേഴ്സിന്റെയും പിടിഎ ഭാരവാഹികളുടെയും യോഗം വികാസ് ആൽബർട്ടൈൻ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കുട്ടികൾക്കു വേണ്ടി ക്ലാസ്സ് നയിച്ചത് വരാപ്പുഴ അതിരൂപത അംഗമായ റവ. ഫാ. ജോസഫ് ആന്റണി പള്ളിപ്പറമ്പിൽ ആണ്. ഒരു ലീഡർക്കു വേണ്ട ഗുണങ്ങളെക്കുറിച്ചും നേതൃത്വ മികവിനെക്കുറിച്ചും, മറ്റു കുട്ടികൾക്ക് മാതൃകയാകുന്ന രീതിയിൽ എങ്ങിനെ പ്രവർത്തിക്കാം എന്നതിനെക്കുറിച്ചും അദ്ദേഹം ക്ലാസ്സെടുത്തു. പി.ടി.എ ഭാരവാഹികൾക്കു വേണ്ടി ക്ലാസ്സ് നയിച്ചത് റവ. ഫാ. അനിൽ സാൻജോസ് ആണ്. അദ്ദേഹം കോഴിക്കോട് സെന്റ് സേവ്യേഴ്സ് കോളേജിന്റെ സൈക്കോളജി ഡിപ്പാർട്ട്മെന്റ് ഹെഡ് ആയും എറണാകുളം നവദർശന കൗൺസിലിങ് സെന്ററിന്റെ അസിസ്റ്റന്റ് ഡയറക്ടറായും സേവനം ചെയ്യുന്നു. 'വിശ്വാസ പരിശീലനത്തിന്റെ പ്രാധാന്യവും മാതാപിതാക്കളുടെ പങ്കും' എന്ന വിഷയത്തെക്കുറിച്ച് അദ്ദേഹം ക്ലാസ്സെടുത്തു. 56 വിശ്വാസ പരിശീലന യൂണിറ്റുകളിൽ നിന്നായി 102 ലീഡേഴ്സും 230 പി.ടി.എ ഭാരവാഹികളും പങ്കെടുത്തു.

## ലോഗോസ് ക്വിസിന്റെ ജൂലൈ മാസത്തെ ഉത്തരങ്ങൾ

1. നാലു ലക്ഷം, 2. പെസഹാ, 3. മോശയെ, 4. കൃപയാൽ, 5. യൂദാ, 6. യൂദാസ്, 7. അഹറോൻ, 8. കരവേലയാണ്, 9. ഫിനെഹാസ്, 10. ഒലിവു മലയിലേക്ക്, 11. ഓഹരിയും അവകാശവും, 12. രക്തം വഴി, 13. ഒരു വലിയ പുകപടലം, 14. ദൂതൻ, 15. മൂന്നാം സ്ഥാനം, 16. കല്പനകളുടെയും ചട്ടങ്ങളുടെയും, 17. റിമ്മോൺ, 18. അവൻ പുറത്തുപോയി മനംനൊന്തു കരഞ്ഞു, 19. ദാവീദുമായി, 20. സമാധാനം

### ശരിയുത്തരങ്ങൾ അയച്ചവർ

1. മിനി പീറ്റർ, കോട്ടപ്പുറം
2. ലാനി സ്റ്റീഫൻ, മേത്തല
3. മിനി ജോസഫ്, കടൽവാതുരുത്ത്
4. റീന സെബാസ്റ്റ്യൻ, മടപ്ലാതുരുത്ത്
5. ദീപ ബൈജു, മേത്തല
6. സിസ്റ്റർ ഡെയ്സി സിടിസി, കുട്ടനെല്ലൂർ
7. ആൽഫ്രഡ് കെ. ബിജു, കാര
8. ബിജു ആന്റണി
9. ഐജീന ബൈജു, ഗോതുരുത്ത്
10. ഗിൽഡ പോൾ, മാനാഞ്ചേരിക്കുന്ന്
11. ഷൈനി വിൽസൺ, കാര
12. പ്രിൻസി ക്ലീറ്റസ്, അരീപ്പാലം
13. എൽസി തോമസ്, മാളപള്ളിപ്പുറം
14. സീമ ആന്റണി, ചെട്ടിക്കാട്
15. ബെറ്റ്സി ആന്റണി, വി.പി തുരുത്ത്, കോട്ടപ്പുറം
16. ബിജു ആന്റണി, പീച്ചി
17. ഷൈനി പോൾ, അഴീക്കോട്
18. ട്രീസ ടോമി, തുരുത്തിപ്പുറം
20. മേരി റാഫേൽ, തുരുത്തിപ്പുറം
21. ജോഷി മംഗലത്ത്, കാര
22. ലിൻഡ സി.ജെ, കോട്ടുവള്ളി
23. ഷെബിൻ കെ.എസ്, കെടാമംഗലം
24. ബിനി ക്രിസ്റ്റോ, ചാലക്കുടി
25. ആൻസി സജി, ശൃംഗപുരം
26. ലീന നിക്സൻ, തുരുത്തിപ്പുറം
27. മേരി മാർട്ടിൻ, കോട്ടപ്പുറം
28. സിസ്റ്റർ ജോബി സിടിസി, കോട്ടപ്പുറം
29. ഷീബ സാജൻ, പൊയ്യ
30. ജൂലിയറ്റ് എം.ഡി, കോട്ടപ്പുറം
31. എയ്ഞ്ചൽ ജെയ്സൺ, പള്ളിപ്പുറം

# വചനധ്യാനം



## 2025 ലോഗോസ് ക്വിസ് പരീക്ഷയ്ക്കായി ഒരുങ്ങാം

**പഠിച്ചൊരുങ്ങാനുള്ള വചനഭാഗം**

▸ ന്യായാ 21 ▸ പ്രഭാ 45 ▸ എഫേ 3 ▸ ലൂക്കാ 23

1. അവർ എവിടെ വന്നാണ് സായാഹ്നം വരെ ദൈവ സന്നിധിയിൽ ഉച്ചത്തിൽ കൈപ്പോടെ കരഞ്ഞത്?
2. തങ്ങളുടെ സഹോദര ഗോത്രമായ ബഞ്ചമിനോട് ഇസ്രായേലിന് ------------ തോന്നി.
3. എവിടെനിന്നാണ് ആരും സമ്മേളനത്തിന് സന്നിഹിതരാകാതിരുന്നത്?
4. അതുകൊണ്ട് ആ സമൂഹം യുദ്ധവീരന്മാരായ ------ ആളുകളെ അവിടേക്ക് നിയോഗിച്ചു.
5. ബഞ്ചമിൻ വംശജന് ഭാര്യയെ നൽകുന്നവൻ ---- ഇസ്രായേൽ ജനം ശപഥം ചെയ്തിട്ടുണ്ട്.
6. പീലാത്തോസ് യേശുവിനോട് ചോദിച്ചതെന്ത്?
7. അവൻ ----- അധികാരത്തിൽപ്പെട്ടവനാണെന്നറിഞ്ഞപ്പോൾ പീലാത്തോസ് അവനെ അവന്റെ അടുത്തേക്കയച്ചു.
8. -------- എന്നു വിളിക്കപ്പെടുന്ന സ്ഥലത്ത് അവർ വന്നു.
9. ----- ഭൂമി മുഴുവൻ അന്ധകാരം വ്യാപിച്ചു.
10. യേശു എന്തു പറഞ്ഞാണ് ജീവൻ വെടിഞ്ഞത്?
11. ജോഷ്വ ആരുടെ പുത്രനായിരുന്നു?
12. അവന്റെ കരം എന്തിനെയാണ് തടഞ്ഞു നിർത്തിയത്?
13. കാലെബ് ആരുടെ പുത്രനാണ്?
14. കാലെബിന്റെ ശക്തി എത്രനാൾ നിലനിന്നു?
15. രാജ്യം സ്ഥാപിക്കുകയും ജനത്തിന് അധികാരികളെ അഭിഷേചിക്കുകയും ചെയ്തതാര്?
16. പൗലോസ് അപ്പസ്തോലന് --------- വഴിയാണ് രഹസ്യം അറിവായത്?
17. ദൈവത്തിന്റെ കൃപാവരത്താൽ ഞാനീ സുവിശേഷത്തിന്റെ --------- ആയി.
18. സ്വർഗീയ ഇടങ്ങളിലുള്ള ശക്തികൾക്കും അധികാരങ്ങൾക്കും സഭയിലൂടെ ദൈവത്തിന്റെ ----------- വ്യക്തമാക്കിക്കൊടുക്കാൻ വേണ്ടിയാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്.
19. ഈ പീഡകളത്രേ നിങ്ങളുടെ ------.
20. -------- ക്രിസ്തു നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കണം.



ജൂൺ മാസത്തെ ചോദ്യങ്ങൾക്ക് ശരിയുത്തരങ്ങൾ അയച്ചവരിൽ നിന്ന് നറുക്കെടുപ്പിലൂടെ തിരഞ്ഞെടുത്ത വിജയി

**ജോഷി മംഗലത്ത്, കാര**

**ഉത്തരങ്ങൾ ആഗസ്റ്റ് 15-ാം തീയതിക്ക് മുൻപായി ഇമെയിൽ വഴിയോ, കത്ത് മുഖേനയോ പേരും സ്ഥലവും ഫോൺ നമ്പർ സഹിതം ഓഫീസിൽ അറിയിക്കേണ്ടതാണ്. ശരിയുത്തരങ്ങൾ അയക്കുന്നവരിൽ നിന്ന് നറുക്കെടുപ്പിലൂടെ വിജയികളെ കണ്ടെത്തുന്നു.**

**ഉത്തരങ്ങൾ അയക്കേണ്ട വിലാസം**

✉ didimoskottapuram@gmail.com

**എഡിറ്റർ, ദിദിമോസ്, കാറ്റിക്കിസം ഓഫീസ്, വികാസ്, കോട്ടപ്പുറം - 680 667**



*കർത്താവു ദൈവമായുള്ള ജനവും അവിടുന്നു തനിക്കുവേണ്ടി തിരഞ്ഞെടുത്ത ജനതയും ഭാഗ്യമുള്ളവരാണ്.*

സങ്കീർത്തനങ്ങൾ 33 : 12

# DON BOSCO HOSPITAL

HOME TO CARE AND CURE

(A Unit of Don Bosco Charitable Trust I Venture of the Diocese of Kottapuram)
North Paravur, Ernakulam, Kerala – 683513

HOME CARE

# ഡോൺബോസ്കോ ഹോം കെയർ

നേരിട്ട് ആശുപത്രിയിലെത്തി ചികിത്സ നേടാൻ സാധിക്കാത്ത രോഗികൾക്ക് ആശ്വാസമായി ഡോക്ടർ അവരുടെ വീട്ടിലെത്തി ചികിത്സകൾ നിർദ്ദേശിക്കുന്ന പദ്ധതിയാണ് **ഡോൺബോസ്കോ ഹോം കെയർ**

**തിങ്കൾ -വെള്ളി**
**3p.m. to 6p.m.**

- പ്രത്യേക ഹെൽത് ചെക്കപ്പ് പാക്കേജുകൾ
- ലബോറട്ടറി പരിശോധനയ്ക്കുള്ള സാമ്പിളുകൾ വീടുകളിൽ നിന്നും ശേഖരിക്കുന്നു
- ആവശ്യം വരുന്ന മരുന്നുകൾ വീട്ടിൽ എത്തിച്ചു നൽകുന്നു
- മുറിവുകൾക്കുള്ള തുടർ പരിചരണം
- ഇ സി ജി, ഓക്സിജൻ സിലിണ്ടർ, റൈയിൽസ് ട്യൂബ്, യൂറിൻ കത്തീറ്റർ എന്നീ അവശ്യ സേവനങ്ങൾ
- മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്
- അടിയന്തര ചികിത്സാ സംവിധാനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നതല്ല

**ഒന്നര പതിറ്റാണ്ട് വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ കരുതലിന്റെ കാവലാളായിരുന്ന ഡോ. നിഷ നങ്ങേത്ത്** MBBS, DFM (Family Medicine) **നിങ്ങളുടെ ഭവനങ്ങളിൽ എത്തി സേവനം നൽകുന്നു.**



***സേവന പരിധി***

**നോർത്ത് പറവൂർ ടൗണിൽ നിന്നും 10 കി. മി. ചുറ്റളവിൽ**

**ബുക്കിങ്ങിനായി വിളിക്കു...**

**8943491000**

## Super Specialities

Cardiology | Neurology | Nephrology | Pulmonology | Gastroenterology | Oral & Maxillofacial surgery | Urology | Rheumatology | Cosmetology | Dermatology | Neurosurgery | Child & Adolescent Psychiatry | De-Addiction Clinic

CARING FOR 29+ YEARS



NH 66, North Paravur, Kerala 683513

0484 2491000

കൊടുങ്ങല്ലൂർ–കോട്ടപ്പുറം രൂപതയിലെ

ചരിത്രപ്രസിദ്ധ തീർത്ഥാടന കേന്ദ്രമായ

# പള്ളിപ്പുറം ബസിലിക്കയിൽ



## പരിശുദ്ധ മഞ്ഞുമാതാവിന്റെ

## 518–ാമത് കൊമ്പ്രേരിയ

# തിരുന്നാൾ

**2025 ആഗസ്റ്റ് 5 ചൊവ്വ**

| | |
|---|---|
| മരിയൻ ധ്യാനം | ജൂലൈ 18 മുതൽ 20 വരെ |
| നവനാൾ ദിനങ്ങൾ | ജൂലൈ 21 മുതൽ 29 വരെ |
| കൊടികയറ്റം | ജൂലൈ 30 ബുധൻ വൈകീട്ട് 5 ന് |
| കടൽ വെഞ്ചരിപ്പ് | ജൂലൈ 30 ബുധൻ രാവിലെ 10 ന് |

## എട്ടാമിടം

2025 ആഗസ്റ്റ് 15 വെള്ളി